# ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂൾ
# പൂതാടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025 - 26

## ഉള്ളടക്കം


**ആമുഖം**

**വിദ്യാലയ ചരിത്രം**

**അടിസ്ഥാന വിവരങ്ങൾ**

**സ്റ്റാഫ് ലിസ്റ്റ്**

**അക്കാദമിക നേട്ടങ്ങൾ**

**പാഠ്യേതര പ്രവർത്തനങ്ങൾ– നേട്ടങ്ങൾ**

**വിദ്യാരംഗം കലാസാഹിത്യ വേദി**

**മലയാളം**

- കുഞ്ഞ് അറിവുകൾ
- വായന കളരി
- എഴുത്തുപെട്ടി
- ഡോക്യുമെന്ററി പ്രദർശനം

**ഇംഗ്ലീഷ്**

- ഇംഗ്ലീഷ് അസംബ്ലി
- A Word A Day
- ഡിബേറ്റ് ആൻഡ് ഓപ്പൺ ഫോറം സ്പീച്ച്
- സ്പോക്കൺ ഇംഗ്ലീഷ്
- SKIT, ROLE PLAY

**ഹിന്ദി**

- ഹിന്ദി വായനാ പ്രക്രിയ
- ദിനാചരണം
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ഡയറി എഴുത്ത്
- ചെറുനാടകങ്ങൾ

**സംസ്കൃതം**

- ഭാഷാജ്ഞാനം
- വീട് ഒരു പരീക്ഷണശാല
- വായനാലോകം
- എഴുത്തും വായനയും

## ഉറുദു

രചന

വായന

സർഗ്ഗാത്മകത

## സാമൂഹ്യശാസ്ത്രം

ഒന്നായി നമ്മൾ

വയൽ കിളികൾ

ദിനാചരണം

പട്ടുപാതയിലൂടെ

മെഗാ ക്വിസ്

## സയൻസ്

ചാന്ദ്രദിനം –വാരാഘോഷം

YIP - INSPIRE AWARDS

ഊർജ്ജ സംരക്ഷണ ദിനാഘോഷം

ഹിരോഷിമ നാഗസാക്കി ദിനം

ഓസോൺ ദിനം

പൂന്തോട്ടം നിർമ്മാണം

ഔഷധസസ്യങ്ങൾ

ഫീൽഡ് ട്രിപ്പ്

എയ്ഡ്സ് ദിന റാലി

## ഗണിതം

ഗണിത ക്ലബ്ബ്

ഓറിയന്റേഷൻ ക്ലാസ്

പൈ ദിനാഘോഷം ( $\pi$ )

വിദഗ്ദരുടെ ക്ലാസ്സ്

## കല

ഏകദിന ചിത്രകലാ ക്യാമ്പ്

ഫാബ്രിക് പെയിന്റിംഗ്

നാടൻപാട്ട് ശിൽപശാല

നാടകകളരി

**പ്രവൃത്തിപരിചയം**

- ക്ലബ്ബ് രൂപീകരണം
- ഫുഡ്ഫെസ്റ്റ്
- തുണി സഞ്ചി നിർമ്മാണവും വിതരണവും
- പാഴ്വസ്തുക്കളുടെ പുനഃരുപയോഗം

**കായികം**

- സ്പോർട്സ് ക്യാമ്പ്
- കായികമേള
- സ്പോർട്സ് ക്വിസ്
- ഫുട്ബോൾ ടൂർണ്ണമെന്റ്

**ബോധവൽക്കരണം – വിവിധം**

**ഭവനസന്ദർശനം**

**ജൻമദിനത്തിനൊരു പുസ്തകം**

**ദത്തെടുക്കൽ**

**കാരണവക്കൂട്ടം**

**ഗോത്രതാളം**

**കുട്ടികർഷക അവാർഡ്**

**സ്നേഹ സന്ദർശനം**

**ഒരു തൈ നടാം**

**അടുക്കളത്തോട്ടം**

**സൈബർ സുരക്ഷ**

**ഇൻഡസ്ട്രീയൽ വിസിറ്റ്**

**സ്കൂൾ ശാസ്ത്രമേള**

**സ്കൂൾ കലോത്സവം**

**സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ്**

**പാലിയേറ്റീവ് കെയർ ക്ലാസ്സ് – ജെ.ആർ.സി.**

**പഠനയാത്ര**

**ചുമർചിത്രം**

# ആമുഖം

2025-26 അധ്യയന വർഷത്തെ ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ പൂതാടിയുടെ ഈ വർഷത്തേക്കുള്ള പൂർണമായ തയ്യാറെടുപ്പിന്റെ ഉൽപ്പന്നമായ അക്കാദമിക മാസ്റ്റർ പ്ലാൻ വരും വർഷത്തേക്കുള്ള ഒരു വഴികാട്ടി മാത്രമല്ല മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാലയത്തിന്റെ പ്രതിബദ്ധതയും തെളിവും കൂടിയാണ്. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ വളരെ ചിട്ടയോടെ തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

**എന്താണ് അക്കാദമിക് മാസ്റ്റർ പ്ലാൻ?**

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇത് ഒരു അധ്യയന വർഷത്തേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ ഒരു മാർഗരേഖയായി പ്രവർത്തിക്കുകയും എല്ലാവരും ഒത്തുചേർന്ന് പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ 2025-26 അധ്യയന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനും ആയാണ് രൂപ കൽപ്പന ചെയ്തിരിക്കുന്നത്.

വിദ്യാഭ്യാസപരമായ പഠന നേട്ടങ്ങൾക്ക് പുറമേ വിദ്യാർത്ഥികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയടക്കം അവരുടെ സമഗ്ര വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിലുള്ള പരിപാടികളാണ് ഓരോ ക്ലബ്ബുകളും സബ്ജക്ട് കൗൺസിലുകളും ആസൂത്രണം ചെയ്തിട്ടുള്ളത്.

പൂതാടി ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ വെറും ഒരു രേഖ മാത്രമല്ല ഇവിടുത്തെ വിദ്യാർത്ഥികളുടേയും സ്ഥാപനത്തിന്റെയും ഭാവിദർശനമാണ്. വ്യക്തമായ ലക്ഷ്യങ്ങളും ചിട്ടയായ നടപ്പാക്കലും മികവിനോടുള്ള പ്രതിബദ്ധതയും കൂടിച്ചേരുമ്പോൾ പൂതാടി ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂൾ അക്കാദമിക നേട്ടത്തിലും സമഗ്രവികസനത്തിലും പുതിയ ഉയരങ്ങൾ കൈവരിക്കുവാൻ തയ്യാറാവുകയാണ്. മികച്ച അക്കാദമിക നേതൃത്വം നൽകുന്ന പ്രധാനാധ്യാപകനും, ടീം സ്പിരിറ്റോടെ പ്രവർത്തിക്കുന്ന അധ്യാപക-അനധ്യാപകരും പരിപൂർണ്ണ പിന്തുണ നൽകുന്ന പി.ടി.എ യും വേണ്ട ഭൗതിക സൗകര്യങ്ങൾ എല്ലാം ഒരുക്കിതന്ന് പൂർണ പിന്തുണ നൽകുന്ന സ്കൂൾ മാനേജ്മെന്റുമാണ് മുന്നോട്ടുള്ള പ്രയാണത്തിൽ ഈ വിദ്യാലയത്തിന്റെ കരുത്ത്.

മുന്നോട്ട് പോകുമ്പോൾ ഈ മാസ്റ്റർ പ്ലാനിൽ വിവരിച്ചിരിക്കുന്ന ആഗ്രഹങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഞങ്ങളുടെ അധ്യാപകർ, പി.ടി.എ., വിദ്യാർത്ഥികൾ, അനധ്യാപകർ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ കൂട്ടായ പരിശ്രമം നിർണ്ണായകമാണ്. ഒറ്റക്കെട്ടായി നിന്ന് ഞങ്ങൾ വിദ്യാർത്ഥികളുടെയും അവരുടെ കുടുംബങ്ങളുടേയും വിദ്യാഭ്യാസ പ്രതീക്ഷകൾ നിറവേറ്റുക മാത്രമല്ല അതിനപ്പുറത്തേക്ക് തികച്ചും മാതൃകാപരമായ ഒരു ഉത്തമ സമൂഹത്തെ വാർത്തെടുക്കുക കൂടി ചെയ്യാൻ പ്രതിജ്ഞാബദ്ധരാണ്.

## വിദ്യാലയ ചരിത്രം

1805 ൽ പഴശ്ശിരാജാവിന്റെ അന്ത്യത്തോടെ നാമാവിശേഷമായ കോട്ടയം രാജവംശത്തിന്റെ കാലം മുതലാണ് വയനാടിന്റെ ചരിത്രം ആരംഭിക്കുന്നത്. ഭരണ സൗകര്യത്തിനായി കോട്ടയം രാജാക്കന്മാരുടെ കീഴിൽ വയനാടിനെ 10 ഭാഗങ്ങളായി വിഭജിച്ചിരുന്നു. ഇതിൽപെട്ടതായിരുന്നു കുപ്പത്തോട്, പുറക്കാടി, പൂതാടി, അഞ്ചുകുന്ന്, പ്രദേശങ്ങൾ. ദേശവാഴികളായിരുന്നു ദേശത്തിന്റെ അധിപൻ. ഈ നൂറ്റാണ്ടിന്റെ നാൽപ്പതുകളോടെ വയനാട്ടിലേക്കുണ്ടായ സംഘടിത കുടിയേറ്റത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞ ഒരു സങ്കരസംസ്കാരമാണ് പൂതാടിയിലും രൂപപ്പെട്ടത്. തദ്ദേശവാസികളായ ഗോത്ര ജനതയുടെ തനത് സംസ ്കാരവും സ്വാശ്രയ ജീവിതഘടനയും അവർ സ്വതന്ത്രരായി പാർത്തിരുന്ന വിസ്തൃതമായ വനപ്രാന്ത പ്രദേശങ്ങളിലേക്ക് ആയിരുന്നു ഈ കുടിയേറ്റ ജനതയുടെ കടന്നുവരവ്.

തിരുവിതാംകൂർ മലബാർ പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ശ്രീനാരായണീയരും അദ്ധ്വാനശീലരുമായ ഒരു വിഭാഗം ജനങ്ങളും കുടിയേറ്റ ജനതയിൽ ഉൾപ്പെട്ടിരുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിന്നവരായിരുന്നു പൂതാടിയിലെ ആദ്യകാല കുടിയേറ്റ ജനത. ബീനാച്ചി പനമരം റോഡിനിടയ്ക്കുള്ള കേണിച്ചിറയിൽ നിന്നും നാല് കിലോമീറ്റർ ദൂരമാണ് പൂതാടിയിലേക്കുള്ളത്. വൈദ്യുതി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷ സ്ഥാപനങ്ങൾ, റോഡ് സൗകര്യങ്ങൾ, വാഹനങ്ങൾ എന്നിവ തികച്ചും അന്യമായിരുന്നു പൂതാടി നിവാസികൾക്ക്. സ്കൂളിന്റെ സമീപത്തുള്ള പൂതാടി മഹാദേവക്ഷേത്രം കേരളത്തിലെ തന്നെ ഏറ്റവും പുരാതന മഹാക്ഷേത്രമായി അറിയപ്പെട്ടു പോരുന്നു.

"വിദ്യ കൊണ്ട് പ്രബുദ്ധരാവുക" എന്ന ശ്രീനാരായണ ഗുരുവിന്റെ മഹത് വചനങ്ങളിൽ അടിയുറച്ചു വിശ്വസിച്ച ഒരു കൂട്ടം ശ്രീനാരായണ ഭക്തരുടെ ശ്രമഫലമായി 1705-ാം നമ്പർ പൂതാടി ഓടച്ചോല എസ് എൻ ഡി പി ശാല പ്രവർത്തനം ആരംഭിച്ചു. പൂതാടിയുടെ സമഗ്ര വികസനത്തിന് ഒരു ഹൈസ്കൂൾ അത്യാവശ്യമാണെന്ന് ഒരുപറ്റം സുമനസ്സുകളുടെ ചിന്തകളിൽ നിന്നും പിറവിയെടുത്ത സരസ്വതീ ക്ഷേത്രമാണ് ശ്രീനാരായണ ഹയർ സെക്കണ്ടറി സ്കൂൾ, പൂതാടി. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ചു കൊണ്ട് ബഹു. കേരള സർക്കാർ പൂതാടി എസ്.എൻ.ഡി.പി. ശാഖയ്ക്ക് 1976 ജൂൺ മാസം മുതൽ സ്കൂൾ പ്രവർത്തനമാരംഭിക്കാനുള്ള ഉത്തരവിറക്കുകയുണ്ടായി. എസ്.എൻ.ഡി.പി. പ്രവർത്തകരുടെ ലക്ഷ്യബോധവും താണജാതി മതസ്തരുടെ കൂട്ടായ്മയും കൊണ്ട് സുമനസ്സുകൾ സൗജന്യമായി നൽകിയ മൂന്നര ഏക്കർ സ്ഥലത്ത് ആറ് ക്ലാസ് മുറികളോടു കൂടി ഒരു നല്ല കെട്ടിടം 1976 മെയ് മാസം 25 നകം പൂർത്തീകരിക്കുവാൻ സാധിച്ചു. 1976 മെയ് 31 ന് വയനാട് ഡെവലപ്മെന്റ് അതോറിറ്റി ചെയർമാൻ ശ്രീ. വാസു ദേവൻ നായർ എസ്.എൻ.ഡി.പി. യൂണിയൻ ഭാരവാഹിയായ ശ്രീ. പി.എസ്. രാമൻ എന്നിവർ ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ജൂൺ 1 ന് 41 ആൺകുട്ടികളും 32 പെൺകുട്ടികളുമടക്കം 73 കുട്ടികൾ രണ്ട് ഡിവിഷനുകളിലായി എട്ടാം ക്ലാസ് പ്രവർത്തനമാരംഭിച്ചു. ശ്രീ. പി.കെ. തങ്കപ്പൻ സ്കൂളിന്റെ പ്രഥമ മാനേജരും ശ്രീ. പി.ടി. മുകുന്ദൻ പ്രഥമ പ്രധാന അദ്ധ്യാപകനുമായിരുന്നു.

ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 88% വിജയം നേടി ജില്ലയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. 1998 ൽ സ്കൂളിനെ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ മാനേജർ | : | ശ്രീ. സി പി സുദർശനൻ |
| സ്കൂൾ അഡ്മിനിസ്ട്രേറ്റർ | : | കെ.കെ. ധനേന്ദ്രൻ |
| പ്രിൻസിപ്പാൾ | : | വിനോദ് കെ.സി. |
| ഹെഡ്മാസ്റ്റർ | : | ബിജീഷ് കെ വിശ്വൻ |
| പിടിഎ പ്രസിഡണ്ട് | : | സുരേന്ദ്രൻ പി എൻ |
| പിടിഎ വൈസ് പ്രസിഡണ്ട് | : | ഉണ്ണികൃഷ്ണൻ മാവറ |
| എം പി ടി എ പ്രസിഡന്റ് | : | ജയന്തി ഷനോജ് |
| ആകെ അധ്യാപകർ | : | എച്ച്.എസ്. 21 |
| അനധ്യാപകർ | : | 4 |
| സ്കൂൾ കോഡ് | : | 15050 |
| വിദ്യാഭ്യാസ ജില്ല | : | വയനാട് |
| ഉപജില്ല | : | സുൽത്താൻബത്തേരി |
| ബി.ആർ.സി. | : | സുൽത്താൻബത്തേരി ബീനാച്ചി |
| ഗ്രാമപഞ്ചായത്ത് | : | പൂതാടി |
| വാർഡ് | : | 21 |
| ബ്ലോക്ക് പഞ്ചായത്ത് | : | പനമരം |
| താലൂക്ക് | : | സുൽത്താൻബത്തേരി |

**വിദ്യാർത്ഥികളുടെ എണ്ണം**

| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| ഹൈസ്കൂൾ | 208 | 239 | 447 |

# സ്റ്റാഫ് ലിസ്റ്റ്

| | | | |
|---|---|---|---|
| 1. | ശോഭ പി ആർ | : | HST ഫിസിക്കൽ സയൻസ് |
| 2. | നിഷ സി എം | : | HST ഫിസിക്കൽ സയൻസ് |
| 3. | മനോജ് കെ എം | : | HST നാച്ചുറൽ സയൻസ് |
| 4. | മിനിമോൾ പി എം | : | HST നാച്ചുറൽ സയൻസ് |
| 5. | മാജി ജോർജ് എ | : | HST മാത്സ് |
| 6. | ശ്രീജ വി എസ് | : | HST മാത്സ് |
| 7. | രശ്മി പി എം | : | HST മാത്സ് |
| 8. | സൗമേഷ് സി പി | : | HST സോഷ്യൽ സയൻസ് |
| 9. | സിജി പി എൻ | : | HST മലയാളം |
| 10. | ഗിരീഷ് കെ.കെ. | : | HST മലയാളം |
| 11. | രാജേഷ് കെ ആർ | : | HST ഹിന്ദി |
| 12. | വസന്ത എ കെ | : | HST സംസ്കൃതം |
| 13. | സമറുദ്ദീൻ എം | : | HST ഉറുദു |
| 14. | അനിത സി വി | : | HST സോഷ്യൽ സയൻസ് |
| 15. | ഷീദൾ സി എസ് | : | HST മലയാളം |
| 16. | ഷൈനി വി ഡി | : | HST ഹിന്ദി |
| 17. | ശ്രുതി എം ഡി | : | HST ഇംഗ്ലീഷ് |
| 18. | അനൂപ് കൃഷ്ണൻ കെ | : | HST ഫിസിക്കൽ സയൻസ് |

## സ്പെഷ്യലിസ്റ്റ് അധ്യാപകർ

| | | | |
|---|---|---|---|
| 1. | സന്തോഷ് വി എസ് | : | കായികാധ്യാപകൻ |
| 2. | സുനിൽകുമാർ എം പി | : | ചിത്രകലാധ്യാപകൻ |
| 3. | ചിഞ്ചു എം കെ | : | സ്വീയിംഗ് ടീച്ചർ |

## ഓഫീസ് സ്റ്റാഫ്

| | | |
|---|---|---|
| ദിലീപ് പി ആർ | : | ക്ലർക്ക് |
| സുനിൽകുമാർ റ്റി എൻ | : | ഓഫീസ് അസിസ്റ്റന്റ് |
| ബിജുപ്രഭ എം പി | : | ഓഫീസ് അസിസ്റ്റന്റ് |
| സുബിൻ കെ എസ് | : | എഫ്.ടി.എം. |

# അക്കാദമിക നേട്ടങ്ങൾ

ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നായി പൂതാടി ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ അക്കാദമിക കാര്യങ്ങളിൽ ഉള്ള മുന്നേറ്റം തുടർന്നു കൊണ്ടിരിക്കുന്നു.

ഇതിനോടകം എസ് എസ് എൽ സി പരീക്ഷകളിൽ 9 തവണ 100 മേനി വിജയം നേടുവാൻ സാധിച്ചിട്ടുണ്ട്. എ പ്ലസ് എണ്ണത്തിലുള്ള വർദ്ധനവും നമ്മുടെ വിദ്യാലയത്തിന്റെ പഠന മികവിനെ ഉയർത്തി കാണിക്കുന്നു.

റഗുലർ ക്ലാസുകൾക്ക് പുറമേ എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക് ജൂൺ മുതൽ ആരംഭിക്കുന്ന മോർണിംഗ് ക്ലാസുകൾ നമ്മുടെ വിദ്യാലയത്തിന്റെ വിജയത്തിന് അടിത്തറയായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ജനുവരി ആദ്യവാരം ആരംഭിക്കുന്ന പ്രത്യേക ക്യാമ്പും മികച്ച വിജയം കൈവരിക്കുവാൻ സ്കൂളിനെ പ്രാപ്തമാക്കുന്നു.

എസ് എസ് എൽ സി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രചോദനം നൽകാനായി സംഘടിപ്പിക്കാനുള്ള മോട്ടിവേഷൻ ക്ലാസും വിജയോത്സവവും കുട്ടികൾക്ക് കൂടുതൽ പ്രചോദനമാകുന്നു.

| എസ്എസ്എൽസി വിജയ ശതമാനം മുൻ വർഷങ്ങളിൽ | | |
|---|---|---|
| | | ഫുൾ എ പ്ലസ് |
| 2025 മാർച്ച് | 100% | 28 |
| 2024 മാർച്ച് | 100% | 33 |
| 2023 മാർച്ച് | 100% | 30 |
| 2022 മാർച്ച് | 98.73% | 15 |
| 2021 മാർച്ച് | 100% | 39 |
| 2020 മാർച്ച് | 99% | 21 |

# പാഠ്യേതര പ്രവർത്തനങ്ങൾ നേട്ടങ്ങൾ

മികച്ച അക്കാദമിക നിലവാരം പുലർത്തുന്നതിനോടൊപ്പം തന്നെ എല്ലാവർഷവും പാഠ്യേതര പ്രവർത്തനങ്ങളിലും തിളക്കമാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുവാൻ വിദ്യാലയത്തിന് കഴിയുന്നുണ്ട്. കലാകായിക ശാസ്ത്രമേളകളിൽ സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

## കലോത്സവം

കഴിഞ്ഞവർഷം കൊല്ലത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എട്ടു കുട്ടികളെ പങ്കെടുപ്പിക്കുവാനും ഉയർന്ന ഗ്രേഡ് നേടുവാനും സാധിച്ചു.

## ശാസ്ത്ര പ്രവർത്തി പരിചയമേള

കഴിഞ്ഞ വർഷം തിരുവനന്തപുരത്ത് വച്ച് നടന്ന ശാസ്ത്രമേളയിൽ പ്രവർത്തി പരിചയ വിഭാഗത്തിൽ രണ്ടു കുട്ടികൾക്ക് 'എ' ഗ്രേഡ് ലഭിക്കുകയുണ്ടായി.

## ഐ.ടി. മേള

തുടർച്ചയായി രണ്ടുവർഷവും സബ്ജില്ലാ റണ്ണറപ്പായി സ്കൂൾ മികവ് പുലർത്തി. കൂടാതെ പ്രോഗ്രാമിങ്ങിൽ സംസ്ഥാനതലത്തിൽ ഗ്രേഡ് ലഭിച്ചിട്ടുണ്ട് .

## ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കി. 25 കുട്ടികൾ ഗ്രേസ് മാർക്കിന് അർഹരായി. കൂടാതെ ആഘോഷ് കെ.ആർ. സംസ്ഥാനതല ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക അനുമോദനം ലഭിക്കുകയുമുണ്ടായി.

## എൻ സി സി

29 കുട്ടികൾ എൻ സി സി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുകയും എ സർട്ടിഫിക്കറ്റോടെ ഗ്രേസ് മാർക്കിന് അർഹത നേടുകയും ചെയ്തു. ഒൻപതാം ക്ലാസ് വിദ്യാർത്ഥി ആൻട്രീസ "ഏക് ബാരത് ശ്രേഷ്ഠ് ഭാരത്" ക്യാമ്പിൽ പങ്കെടുത്ത് 30 മാർക്ക് ഗ്രേസ് മാർക്കിനുള്ള അർഹത നേടുകയും ചെയ്തു.

## ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്

കഴിഞ്ഞ അധ്യയനവർഷത്തിൽ 12 സ്കൗട്ട് വിദ്യാർത്ഥികളും ഒമ്പത് ഗൈഡ് വിദ്യാർത്ഥികളും രാജ്യപുരസ്കാർ നേടിയിട്ടുണ്ട്. രണ്ട് സ്കൗട്ട് വിദ്യാർത്ഥികൾക്ക് ഹൃദയ സോപാൻ സർട്ടിഫിക്കറ്റ് ലഭിച്ചു. 23 കുട്ടികൾക്ക് ഗ്രേസ് മാർക്കിന് അർഹത നേടി.

## ജൂനിയർ റെഡ് ക്രോസ്

കഴിഞ്ഞവർഷം 17 കുട്ടികൾ ജെ ആർ സി പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഗ്രേസ് മാർക്കിന് അർഹത നേടുകയും ചെയ്തു.

# വിദ്യാരംഗം കലാസാഹിത്യ വേദി

## (മലയാളം)

## പ്രവർത്തനം 1 – കുഞ്ഞ് അറിവുകൾ

**ലക്ഷ്യം:**

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- വായനയിലും എഴുത്തിലും കൈവരിക്കേണ്ട അടിസ്ഥാനശേഷികൾ ഉറപ്പാക്കുക.
- വാക്കുകളും വാക്യങ്ങളും കൂടുതൽ സ്വായത്തമാക്കുക.

**പ്രവർത്തനം:**

- കുട്ടികളെ കണ്ടെത്തുന്നു.
- അക്ഷരം ഉറപ്പിക്കൽ
- അക്ഷര കാർഡ് നൽകൽ
- വാക്കുകൾ എഴുതിയ കാർഡ്
- ചിത്രം - അടിക്കുറിപ്പ് തയ്യാറാക്കൽ
- ചിത്രം - കഥ എഴുതൽ

കാലം : ഒരു അക്കാദമിക വർഷം

ചുമതല : മലയാളം അധ്യാപകർ

സാമ്പത്തികം : 500 രൂപ പിടിഎ

## പ്രവർത്തനം 2 – വായന കളരി

**ലക്ഷ്യം**

- വായനാശീലം വളർത്തുക.
- ഭാഷാശേഷി കൈവരിക്കുക.
- ആശയവിനിമയശേഷി വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

- സ്കൂൾ ലൈബ്രറി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു.
- പുസ്തകങ്ങൾ വായിച്ച് പുസ്തക പരിചയം ആസ്വാദനക്കുറിപ്പ് വായന കളരി എന്നിവ സംഘടിപ്പിക്കുന്നു.
- വായനയിലൂടെ കുട്ടി ആർജിച്ച മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ക്ലാസുകളിൽ അവതരിപ്പിക്കുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും മത്സരങ്ങളിലും പങ്കെടുക്കുവാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു.

കാലം : ഒരു അക്കാദമിക വർഷം

ചുമതല : മലയാളം അധ്യാപകർ

സാമ്പത്തികം : 500 രൂപ സ്പോൺസർഷിപ്പ്

# പ്രവർത്തനം 3–എഴുത്തുപെട്ടി

**ലക്ഷ്യം**

- ഭാവന, ചിന്താശക്തി, സാഹിത്യപരമായ രചന വൈഭവം, വിമർശനാത്മക നിരൂപണം എന്നിവ വളർത്തുക.
- എഴുതാനുള്ള ശേഷി സങ്കോചമില്ലാതെ സ്വായത്തമാക്കുന്നു.
- സ്കൂൾ കലോത്സവങ്ങളിലും മറ്റും പങ്കാളിയാക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

**പ്രവർത്തനം**

- ജൂൺ രണ്ടാം മുതൽ ഫെബ്രുവരി രണ്ടാം വാരം വരെ താല്പര്യമുള്ള ഏത് കുട്ടിക്കും എഴുത്തുപെട്ടിയിൽ സൃഷ്ടികൾ എഴുതിയിടാം.
- എല്ലാ മാസവും ഒരു നിശ്ചിത ആഴ്ചയിൽ സൃഷ്ടികൾ പെട്ടിയിൽ നിക്ഷേപിക്കുവാൻ അവസരം നൽകും.
- മികച്ച സൃഷ്ടിക്ക് സമ്മാനം.

| | | |
|---|---|---|
| കാലം | : | ജൂൺ - ഫെബ്രുവരി |
| ചുമതല | : | മലയാളം അധ്യാപകർ |
| സാമ്പത്തികം | : | 1000 രൂപ സ്പോൺസർഷിപ്പ് |

# പ്രവർത്തനം 4 – ഡോക്യുമെന്ററി പ്രദർശനം

**ലക്ഷ്യം**

- സാഹിത്യകാരന്മാരെ കുറിച്ചുള്ള ഡോക്യുമെന്ററികൾ കാണാനുള്ള താല്പര്യം ജനിപ്പിക്കുന്നു .
- സ്വയം ഡോക്യുമെൻററികൾ തയ്യാറാക്കുന്നതിനുള്ള പ്രചോദനം നേടുന്നു.

**പ്രവർത്തനം**

- ബഷീർ ദി മാൻ എന്ന ഡോക്യുമെൻററി പ്രദർശനം ക്ലാസ് തലത്തിൽ നടത്തുന്നു.
- വൈക്കം മുഹമ്മദ് ബഷീറിനെയും അദ്ദേഹത്തിന്റെ സാഹിത്യ ചുറ്റുപാടിനെയും അടുത്തറിയുന്നു.
- കണ്ട ഡോക്യുമെന്ററിയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
- മികച്ച കുറിപ്പിന് പ്രോത്സാഹനം നൽകുന്നു.
- കുറിപ്പുകൾ ചേർത്ത് പതിപ്പായി സൂക്ഷിക്കുന്നു.

| | | |
|---|---|---|
| കാലം | : | ജൂലൈ |
| ചുമതല | : | മലയാളം അധ്യാപകർ |
| സാമ്പത്തികം | : | 500 രൂപ സ്പോൺസർഷിപ്പ് |

# ഇംഗ്ലീഷ്

## പ്രവർത്തനം 1 – ഇംഗ്ലീഷ് അസംബ്ലി

**ലക്ഷ്യം**

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായ വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുമുള്ള ശേഷി വർദ്ധിപ്പിക്കുക.

**പ്രവർത്തനം – ഓരോ ക്ലാസുകൾ മാറിമാറി**

- ന്യൂസ് റീഡിങ് News Reading
- Thought of the Day
- Pledge
- മറ്റു പരിപാടികൾ

കാലം : ആഴ്ചയിൽ ഒരിക്കൽ (ഒരു അക്കാദമിക വർഷം)

ചുമതല : ഇംഗ്ലീഷ് അധ്യാപകർ, ക്ലാസ് ടീച്ചർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 2 – A Word A Day

**ലക്ഷ്യം:**

- കുട്ടികളുടെ പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി.

**പ്രവർത്തനം**

- പുതിയ വാക്കുകൾ അതിന്റെ അർത്ഥം, വിപരീതപദം, പര്യായം, ആ പദം ഉപയോഗിക്കുന്ന സാഹചര്യം എന്നിവ ഉദാഹരണസഹിതം ക്ലാസ് ബോർഡിലോ നോട്ടീസ് ബോർഡിലോ പ്രദർശിപ്പിക്കുന്നു.

കാലം : എല്ലാദിവസവും

ചുമതല : ഇംഗ്ലീഷ് അധ്യാപകർ/ ക്ലാസ് ലീഡർമാർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 3 – ഡിബേറ്റ് ആൻഡ് ഓപ്പൺ ഫോറം സ്പീച്ച്

**ലക്ഷ്യം**

- കുട്ടികളെ ഇംഗ്ലീഷ് ഭാഷയിൽ ആശയം പ്രകടിപ്പിക്കാൻ പ്രാപ്തമാക്കുക.
- സഭാകമ്പം മാറി പൊതുവേദികളെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.
- നല്ല ആശയം വിനിമയ പാഠം ആർജ്ജിക്കുക വഴി കുട്ടികളുടെ ലീഡർഷിപ്പ് ക്വാളിറ്റി വർധിപ്പിക്കുന്നു

**പ്രവർത്തനം**

- മുൻകൂട്ടി വിഷയങ്ങൾ കുട്ടികൾക്ക് നൽകുന്നു. അല്ലെങ്കിൽ പാഠഭാഗത്തിലെ ഓരോ യൂണിറ്റിന്റെയും ലക്ഷ്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശയം കുട്ടികളിൽ എത്തിക്കുകയും ആശയം അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു.
- ഡിബേറ്റ് ഓപ്പൺ ഫോറം ക്ലാസ് തലത്തിൽ നടത്തുന്നു.

കാലം : മാസത്തിൽ ഒരു പ്രാവശ്യം

ചുമതല : ഇംഗ്ലീഷ് അധ്യാപകർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 4 – സ്പോക്കൺ ഇംഗ്ലീഷ്

**ലക്ഷ്യം**

- Communication Skill, Vocabulary, Thinking capacity എന്നിവ ഉയർത്തുക.
- കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തനം**

- ഓരോ ക്ലാസിലെയും ഒഴിവ് പിരിയഡുകളിൽ ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കുന്നു.

കാലം : എല്ലാ ദിവസവും (ഒഴിവ് പിരിയഡുകളിൽ)

ചുമതല : ഇംഗ്ലീഷ് അധ്യാപകർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 5 SKIT, ROLE PLAY

**ലക്ഷ്യം**

- കുട്ടികളുടെ ക്രിയേറ്റിവിറ്റി വർധിപ്പിക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ളവരാക്കുക.
- സ്വയം സ്കിറ്റ് / റോൾ പ്ലേ തയ്യാറാക്കാനുള്ള പ്രചോദനം നൽകുക

**പ്രവർത്തനം**

- ഓരോ ക്ലാസിലും പാഠഭാഗങ്ങളിലുള്ള ആശയത്തെ മുൻ നിർത്തി സ്കിറ്റ്, റോൾപ്ലേ തയ്യാറാക്കുന്നു.
- ക്ലാസ് അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.
- മികച്ചവയ്ക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.

കാലം : മാസത്തിൽ ഒരു പ്രാവശ്യം

ചുമതല : ഗ്രൂപ്പ് ലീഡർമാർ

സാമ്പത്തികം : ഇല്ല

# ഹിന്ദി

## പ്രവർത്തനം 1 – ഹിന്ദി വായനാ പ്രക്രിയ

**ലക്ഷ്യം**

- കുട്ടികൾ തെറ്റുകൂടാതെ ഹിന്ദി ഭാഷാ വായിക്കുന്നു.
- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- തുടർച്ചയായി വായിപ്പിച്ചു കുട്ടികളിൽ ഹിന്ദി ഭാഷ വായിക്കുവാനുള്ള ശേഷി വളർത്തുക.

**പ്രവർത്തനം**

**ഒന്നാം ഘട്ടം**

- ജൂൺമാസം മുതൽ ഫെബ്രുവരി വരെ നിരന്തരം ഹിന്ദി പുസ്തകങ്ങൾ വായിച്ചു കേൾപ്പിച്ചു ഐസിടിയുടെ സഹായത്തോടെ ചെറിയ കാർട്ടൂണുകൾ പ്രദർശിപ്പിച്ചും നിരന്തരം കുട്ടികളെ കൊണ്ട് വായിപ്പിച്ചും ഹിന്ദി ഭാഷ വായിക്കുവാനുള്ള താൽപര്യം കുട്ടികളിൽ ഉണ്ടാക്കുന്നു.
- ഓഗസ്റ്റ് മാസം മുതൽ ഓരോ ക്ലാസ്സിൽ നിന്നും മികച്ച കുറച്ചു കുട്ടികളെ കണ്ടെത്തുന്നു.

**രണ്ടാം ഘട്ടം**

- തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ നേതൃത്വത്തിൽ ഓരോ ക്ലാസിലും ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. രണ്ടാഴ്ചയിലൊരിക്കൽ വായനാ മത്സരം നടത്തി മികച്ച വായന ടീമിനെ തിരഞ്ഞെടുക്കുന്നു.
- ഏറ്റവും നന്നായി വായിക്കുന്ന കുട്ടിക്ക് ബെസ്റ്റ് റീഡർ ബാഡ്ജ് നൽകുന്നു.

| | | |
|---|---|---|
| കാലം | : | ഒരു അക്കാദമിക വർഷം |
| ചുമതല | : | ഹിന്ദി അധ്യാപകർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 2 – ദിനാചരണം

**ലക്ഷ്യം**

- ആ ദിവസത്തെക്കുറിച്ചും ദിവസത്തിന്റെ പ്രത്യേകതയെക്കുറിച്ചും മനസ്സിലാക്കുന്നു.
- വിവിധ രീതിയിലുള്ള ദിനാചരണങ്ങൾ പരിചയപ്പെടുത്തുന്നു.
- പോസ്റ്റർ തയ്യാറാക്കുവാൻ പരിചയപ്പെടുത്തുന്നു.
- ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ ഉണ്ടാക്കുവാൻ പരിശീലിക്കുന്നു.

**പ്രവർത്തനം**

- ഓരോ മാസത്തെയും ദിനാചരണങ്ങൾ പട്ടികപ്പെടുത്തുന്നു.
- ആ ദിവസവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ ഹിന്ദിയിൽ ക്ലാസ്സടിസ്ഥാനത്തിൽ തയ്യാറാക്കുന്നു.
- സൂചനാ ബോർഡുകളും തയ്യാറാക്കുക.

| | | |
|---|---|---|
| കാലം | : | മാസത്തിൽ രണ്ട് |
| ചുമതല | : | ഹിന്ദി അധ്യാപകർ |
| സാമ്പത്തികം | : | 500 രൂപ സ്പോൺസർഷിപ്പ് |

## പ്രവർത്തനം 3 – ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

**ലക്ഷ്യം**

- കുട്ടികളിൽ ഹിന്ദി പുസ്തകങ്ങൾ വായിക്കുവാനുള്ള പ്രചരണം ഉണ്ടാക്കുന്നു.
- കുട്ടികളിൽ ഹിന്ദി പദസമ്പത്ത് ആർജിച്ചെടുക്കുവാനുള്ള ശേഷി കൈവരിക്കുക.
- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.

**പ്രവർത്തനം**

- ചെറിയ ചെറിയ കവിതകൾ ക്ലാസുകളിൽ നൽകുന്നു.
- എല്ലാവരും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.
- മികച്ച കുറുപ്പിനെ പ്രോത്സാഹന സമ്മാനം നൽകുന്നു.
- കുറിപ്പുകൾ ശേഖരിച്ച് പതിപ്പാക്കുന്നു (ക്ലാസ് അടിസ്ഥാനത്തിൽ)

കാലം : രണ്ട് മാസത്തിൽ ഒരിക്കൽ

ചുമതല : ഹിന്ദി അധ്യാപകർ

സാമ്പത്തികം : 500 രൂപ സ്പോൺസർഷിപ്പ്

## പ്രവർത്തനം 4 – ഡയറി എഴുത്ത്

**ലക്ഷ്യം**

- കുട്ടികൾക്ക് ഡയറി എഴുതുന്നതിനുള്ള നൈപുണി നേടിയെടുക്കുന്നു.
- ഹിന്ദി പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു.
- കുട്ടികളിൽ പുതിയ ഹിന്ദി പദസമ്പത്ത് ആചരിക്കുവാനുള്ള താല്പര്യം വർദ്ധിക്കുന്നു.

**പ്രവർത്തനം**

- 9 10 ക്ലാസുകളിലെ എല്ലാ കുട്ടികളും തന്റെ ഓരോ ആഴ്ചയിലെയും ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഹിന്ദിയിൽ ഡയറി എഴുതി ആഴ്ചയിലൊരിക്കൽ ഹിന്ദി അധ്യാപകരെ കാണിക്കുന്നു.
- മികച്ച രീതിയിൽ എഴുതിയ കുട്ടിയെ അനുമോദിക്കുന്നു.
- പ്രേംചന്ദ്ര ദിനത്തോടനുബന്ധിച്ച് ഡയറി എഴുത്ത് മത്സരം നടത്തുന്നു.
- മികച്ചതിന് സമ്മാനം നൽകുന്നു.

## പ്രവർത്തനം 5 – ചെറുനാടകങ്ങൾ

**ലക്ഷ്യം**

- കുട്ടികളുടെ രചന കഴിവ് പരിപോഷിപ്പിക്കുക.
- കുട്ടികൾക്ക് ഹിന്ദി ഭാഷയിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാനുള്ള അവസരം ലഭിക്കുന്നു.

**പ്രവർത്തനം**

- പാഠഭാഗവുമായി ബന്ധപ്പെട്ട ചെറു നാടകങ്ങൾ ക്ലാസ് അടിസ്ഥാനത്തിലും ഗ്രൂപ്പ് അടിസ്ഥാനത്തിലും രചിക്കുന്നു.
- ക്ലാസുകളിൽ അവതരിപ്പിക്കുന്നു.
- മികച്ചവയെ അനുമോദിക്കുന്നു.

കാലം : വർഷത്തിൽ 3 പ്രാവശ്യം

ചുമതല : ഹിന്ദി അധ്യാപകർ

സാമ്പത്തികം : ഇല്ല

# സംസ്കൃതം

## പ്രവർത്തനം 1 – ഭാഷാജ്ഞാനം

**ലക്ഷ്യം**

- ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം എന്ന് കുട്ടികൾ മനസ്സിലാക്കുന്നു.
- അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറപ്പിക്കൽ.

**പ്രവർത്തനം**

- അക്ഷരം എഴുത്ത്
- ചിഹ്നം ഉറപ്പിക്കൽ
- വാക്കുകൾ എഴുതിക്കൽ
- അക്ഷരമാല നിർമ്മിക്കൽ
- പാട്ടുകളും കഥകളും കേൾപ്പിക്കൽ
- ലഘുസംഭാഷണങ്ങൾ

കാലം : ജൂൺ - ആഗസ്റ്റ്

ചുമതല : സംസ്കൃതം അധ്യാപിക

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 2 – വീട് ഒരു പരീക്ഷണശാല

**ലക്ഷ്യം**

- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുന്നു.
- സംസ്കൃത പഠനത്തോട് കുട്ടികൾ ആകർഷിക്കപ്പെടുന്നു
- സംസ്കൃത നിഘണ്ടു പരിചയപ്പെടുന്നു

**പ്രവർത്തനം**

- ഓരോ കുട്ടിയും വീടുകളിൽ അവർ ഉപയോഗിക്കുന്ന വസ്തുക്കളും ഉപകരണങ്ങളും മലയാളത്തിൽ എഴുതുന്നു
- അവ സംസ്കൃതത്തിലേക്ക് എഴുതുന്നു. (നിഘണ്ടു ഉപയോഗിക്കാം)
- നിഘണ്ടു ഉപയോഗിക്കാം.
- പട്ടിക തയ്യാറാക്കുന്നു.
- കൂടുതൽ എഴുതിയവരെ അനുമോദിക്കുന്നു (ക്ലാസ് അടിസ്ഥാനത്തിൽ)

കാലം : സെപ്തംബർ - ഒക്ടോബർ

ചുമതല : സംസ്കൃതം അധ്യാപിക

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 3 – വായനാലോകം

**ലക്ഷ്യം**

- കുട്ടിയുടെ ഭാഷാശേഷി വർദ്ധിപ്പിക്കാൻ.
- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.
- സംസ്കൃത പഠനത്തോട് താൽപര്യം വർധിപ്പിക്കാൽ.

**പ്രവർത്തനങ്ങൾ**

- ലളിതമായ പുസ്തകങ്ങളിലൂടെ സംസ്കൃതം ലൈബ്രറി സജ്ജീകരിക്കുക.
- ഓരോ സംസ്കൃത പിരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക.
- വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക

കാലം : 6 മാസം

ചുമതല : സംസ്കൃതം അധ്യാപിക

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 4– എഴുത്തും വായനയും

**ലക്ഷ്യം**

- സംസ്കൃത സാഹിത്യത്തിൽ കൂടുതൽ അറിവ് നേടുക.
- കുട്ടികളിലെ എഴുത്ത് പരിപോഷിപ്പിക്കുക.
- സർഗ്ഗശേഷി വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

- വായനക്കൂട്ടം രൂപീകരിക്കൽ.
- മഹത് വ്യക്തികളുടെ ജീവചരിത്രം തയ്യാറാക്കൽ.
- കഥ, കവിത, ഉപന്യാസം തുടങ്ങിയ രചനകൾ കുട്ടികൾ സ്വയം തയ്യാറാക്കുക.

കാലം : ഒരു അക്കാദമിക വർഷം

ചുമതല : സംസ്കൃതം അധ്യാപിക

സാമ്പത്തികം : ഇല്ല

## ഉറുദു

## പ്രവർത്തനം 1 – രചന

**ലക്ഷ്യം**

- വിശേഷ അവസരത്തിന്റെ പ്രത്യേകത മനസ്സിലാക്കുക.
- പോസ്റ്റർ തയ്യാറാക്കുവാൻ പരിചയപ്പെടുന്നു.
- എഴുത്ത് മെച്ചപ്പെടുന്നതിന്.

**പ്രവർത്തനം**

- അതാത് ദിവസങ്ങളിലെ പ്രധാന വാർത്തകൾ കുട്ടികൾ സ്വന്തം ശൈലിയിൽ എഴുതി പ്രദർശിപ്പിക്കുന്നു.
- വിശേഷ ദിവസങ്ങൾക്ക് അനുയോജ്യമായ പോസ്റ്ററുകൾ നിർമ്മിക്കുന്നു.
- പ്രദർശിപ്പിക്കുന്നു.
- മികച്ചവയെ അനുമോദിക്കുന്നു.

കാലം : ജൂൺ - ആഗസ്റ്റ്

ചുമതല : ഉറുദു അധ്യാപകൻ

സാമ്പത്തികം : 200 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 2 – വായന

**ലക്ഷ്യം**

- വായനയും ഉച്ചാരണവും മെച്ചപ്പെടുത്താൻ
- കൂടുതൽ പുസ്തകങ്ങൾ വായിക്കുവാനുള്ള പ്രചോദനം ഉണ്ടാക്കുക.
- സ്കൂൾ ലൈബ്രറി ഉപയോഗിക്കുക.

**പ്രവർത്തനം**

- കുട്ടിക്കവിതകൾ, ഫലിതങ്ങൾ, ആനുകാലിക വിഷയങ്ങളിൽ അധിഷ്ഠിതമായ വായനാ സാമഗ്രികൾ കണ്ടെത്തുന്നു.

- ക്ലാസ് തുടങ്ങുന്നതിന് 5 മിനിട്ട് മുൻപ് ഓരോ കുട്ടികളും മാറി മാറി വായിക്കുന്നു.
- നന്നായി വായിച്ചവരെ അനുമോദിക്കുന്നു.

കാലം : ആഴ്ചയിൽ 2 ദിവസം, സെപ്റ്റംബർ - ഒക്ടോബർ

ചുമതല : ഉറുദു അധ്യാപകൻ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 3 – സർഗ്ഗാത്മകത

**ലക്ഷ്യം**

- സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക
- മേളകളിൽ പങ്കെടുക്കുവാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക.
- സാങ്കേതിക വിദ്യയിലൂടെ കലാപ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.

**പ്രവർത്തനം**

- കുട്ടികൾ അവരവർ അവതരിപ്പിക്കുന്ന ഇനങ്ങൾ മുൻകൂട്ടി ലിസ്റ്റ് ചെയ്യുന്നു.
- ഒറ്റയ്ക്കും കൂട്ടായും അവതരിപ്പിക്കുന്നു.
- കഥ, കവിത, ഉപന്യാസം മുതലായ രചനകൾ നടത്തുന്നു.
- ഐ.സി.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.
- പങ്കെടുത്തവരെ അനുമോദിക്കുന്നു.

കാലം : ആഴ്ചയിൽ ഒരു ദിവസം, നവംബർ - ഫെബ്രുവരി

ചുമതല : ഉറുദു അധ്യാപകൻ

സാമ്പത്തികം : ഇല്ല

## സാമൂഹ്യശാസ്ത്രം

## പ്രവർത്തനം 1 – ഒന്നായി നമ്മൾ

**ലക്ഷ്യം**

- ജനാധിപത്യബോധം കുട്ടികളിൽ വളർത്തുക.
- പൊതു തിരഞ്ഞെടുപ്പ് ഘട്ടങ്ങൾ മനസ്സിലാക്കുന്നു.
- തെരഞ്ഞെടുക്കപ്പെട്ടവരെയും മറ്റുള്ളവരെയും ഒന്നായി കാണുവാനുള്ള മനോഭാവം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

- സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്, മോക്ക് പാർലമെൻറ് തെരഞ്ഞെടുപ്പ് നടത്തുന്നു.
- നാമനിർദേശ പത്രിക സമർപ്പണം മുതൽ വിവിധ ഘട്ടങ്ങൾ, രീതികൾ തയ്യാറാക്കുന്നു.
- പൗരബോധവും ജനാധിപത്യബോധവും ഉയർത്തുന്നതിന് ആവശ്യമായ ക്ലാസുകൾ നൽകുന്നു.

കാലം : അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ

ചുമതല : സാമൂഹ്യശാസ്ത്ര അധ്യാപകർ

സാമ്പത്തികം : 700 രൂപ , സ്പോൺസർഷിപ്പ്

## പ്രവർത്തനം 2 – വയൽ കിളികൾ

**ലക്ഷ്യം**

- കരിക്കുലം ലഭ്യമാക്കുന്ന സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.
- സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിച്ച പഠനം കൂടുതൽ തനിമയുള്ളതാക്കുക.

**പ്രവർത്തനം**

- സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കണ്ടെത്തുന്നു.
- ഇവർക്ക് പ്രത്യേക മോഡ്യൂൾ തയ്യാറാക്കുന്നു.
- സമീപത്തുള്ള ചരിത്ര പ്രാധാന്യമുള്ള പ്രദേശങ്ങളിലേക്ക് പ്രത്യേക പഠനം ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

കാലം : അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ

ചുമതല : സാമൂഹ്യശാസ്ത്ര അധ്യാപകർ

സാമ്പത്തികം : 2000 രൂപ , സ്പോൺസർഷിപ്പ്

## പ്രവർത്തനം 3 – ദിനാചരണം

**ലക്ഷ്യം**

- പ്രധാനപ്പെട്ട സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ കണ്ടെത്തുന്നു.
- അവ ആചരിക്കുവാനും പ്രാധാന്യം മനസ്സിലാക്കാനും സാധിക്കുന്നു.
- നേടിയ അറിവുകൾ സന്ദേശങ്ങൾ താനുൾപ്പെടുന്ന സമൂഹത്തിനു ഉതകുന്ന രീതിയിൽ പ്രയോഗിക്കുവാൻ പ്രാപ്തരാക്കുക.

**പ്രവർത്തനം**

- സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ കണ്ടെത്തുന്നു.
- യോജിച്ച രീതിയിൽ ആചരിക്കുവാൻ തയ്യാറാവുന്നു.
- ക്വിസ്, പോസ്റ്റർ നിർമ്മാണം, പ്രസംഗം, ചരിത്രരചന, കൊളാഷ്, ദേശഭക്തിഗാനം മുതലായ പ്രവർത്തനങ്ങൾ ആചരണവുമായി ബന്ധപ്പെട്ട് മുൻകൂട്ടി തയ്യാറാക്കുന്നു.
- ക്ലാസ് അടിസ്ഥാനത്തിലും സ്കൂൾ തലത്തിലും മത്സരങ്ങൾ നടത്തുന്നു.
- വിജയികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.

കാലം : ഒരു അക്കാദമിക വർഷം

ചുമതല : സാമൂഹ്യശാസ്ത്ര അധ്യാപകർ

സാമ്പത്തികം : 2700 രൂപ , പി.ടി.എ & സ്പോൺസർഷിപ്പ്

## പ്രവർത്തനം 4 – പട്ടുപാതയിലൂടെ

**ലക്ഷ്യം**

- ഭൂപടവായന കുട്ടികളിൽ വളർത്തുക.
- സ്ഥല നിർണ്ണയം നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഭൂമി ശാസ്ത്ര പഠനത്തോട് താൽപര്യം വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

- എല്ലാവർക്കും ഭൂപടം നൽകുന്നു.
- പർവ്വതങ്ങൾ, സമതലങ്ങൾ, പീഠഭൂമികൾ, നദികൾ തുടങ്ങി എല്ലാ പ്രദേശങ്ങളെക്കുറിച്ചും ഐ.സി.റ്റി. ഉപയോഗിച്ച് പരിചയപ്പെടുന്നു.
- കുട്ടികൾ ഭൂപടത്തിൽ സ്ഥലനിർണ്ണയം നടത്തുന്നു.

കാലം : വർഷം മുഴുവൻ

ചുമതല : സാമൂഹ്യശാസ്ത്ര അധ്യാപകർ

സാമ്പത്തികം : 500 രൂപ , സ്പോൺസർഷിപ്പ്

## പ്രവർത്തനം 5 – മെഗാ ക്വിസ്

**ലക്ഷ്യം**

- ഇന്ത്യൻ സ്വാതന്ത്രത്തിലേക്ക് നയിച്ച സംഭവങ്ങളെയും വ്യക്തികളെയും കുറിച്ച് കൃത്യമായ അറിവ് കുട്ടികൾക്ക് ലഭിക്കുന്നു.
- കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിക്കുന്നു.
- വിവിധ മത്സര പരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസം കുട്ടികളിൽ ഉണ്ടാകുന്നു.

**പ്രവർത്തനം**

- ഓഗസ്റ്റ് 15 ന് സ്കൂളിൽ വെച്ച് മെഗാക്വിസ് നടത്തുന്നു.
- ഇതിനു വേണ്ടി ഓരോ ക്ലാസ്സിൽ നിന്നും സ്ക്രീൻ ചെയ്ത് നാലോ അഞ്ചോ കുട്ടികളെ കണ്ടെത്തുന്നു.
- പിന്നീട് മെഗാ ക്വിസ് നടത്തി വിജയികളെ പ്രഖ്യാപിക്കുന്നു.
- വിജയികളെ അനുമോദിക്കുന്നു.

കാലം : രണ്ട് ദിവസം

ചുമതല : സാമൂഹ്യശാസ്ത്ര അധ്യാപകർ

സാമ്പത്തികം : 1000 രൂപ , പി.ടി.എ.

# സയൻസ്

## പ്രവർത്തനം 1 – ചാന്ദ്രദിനം –വാരാഘോഷം

**ലക്ഷ്യം**

- ചന്ദ്രനിലെ ഗർത്തങ്ങൾ ചന്ദ്രോപരിതലത്തിന്റെ ഘടന എന്നിവയെ കുറിച്ച് കുട്ടികൾക്ക് വിശദമായ അറിവ് നൽകുന്നു.
- ടെലിസ്കോപ്പ് പരിചയപ്പെടുത്തുന്നതിലും പ്രായോഗിക പരിചയം ലഭിക്കുന്നു.
- ചാന്ദ്രദിനം പോലുള്ള പരിപാടികൾ വഴി വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ പദ്ധതികളെയും ചാന്ദ്രദൗത്യങ്ങളെ കുറിച്ചും അറിവ് ലഭിക്കുന്നു.

**പ്രവർത്തനം**

- ജൂലൈ 22ന് ക്വിസ് മത്സരം നടത്തുന്നു.
- ബഹിരാകാശ ഗവേഷണം സംബന്ധിച്ച പവർ പോയിൻറ് പ്രസന്റേഷൻ നടത്തുന്നു.
- ടെലിസ്കോപ്പ് പരിചയപ്പെടുത്തുന്നു.
- ചാന്ദ്രദിന പോസ്റ്റർ നിർമ്മിക്കുന്നു.

| | | |
|---|---|---|
| കാലം | : | ജൂലൈ 22, 23, 24 തീയതികളിൽ |
| ചുമതല | : | ഊർജ്ജതന്ത്ര അധ്യാപകർ |
| സാമ്പത്തികം | : | 500 രൂപ , സ്പോൺസർഷിപ്പ് |

## പ്രവർത്തനം 2 – YIP - INSPIRE AWARDS

**ലക്ഷ്യം**

- കുട്ടികളിലെ നൂതനമായ ആശയങ്ങളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
- കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കുക.

**പ്രവർത്തനം**

- സ്കൂൾതല ശാസ്ത്രമേള
- സ്കൂൾതല ഐഡിയ കോമ്പറ്റീഷൻ
- ഇതിൽ നിന്നും കുട്ടികളെ കണ്ടെത്തുന്നു.
- അവ കണ്ടെത്തിയ ആശയങ്ങൾ പ്രായോഗിക തലത്തിൽ എത്തിക്കുന്നു.
- പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| കാലം | : | ജൂൺ - നവംബർ |
| ചുമതല | : | ഊർജ്ജതന്ത്ര അധ്യാപകർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 3 – ഊർജ്ജ സംരക്ഷണ ദിനാഘോഷം

**ലക്ഷ്യം**

- ഊർജ്ജത്തിന്റെ ഉപയോഗം, ഉത്പാദനം എന്നിവ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്നത് സംബന്ധിച്ച് വിദ്യാർഥികൾ ബോധവാന്മാരാകുന്നു.
- ഊർജ്ജ സംരക്ഷണത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിന് തങ്ങളുടെ പങ്ക് എന്തെന്ന് ഓരോ വിദ്യാർത്ഥിയും മനസ്സിലാക്കുന്നു.
- നിത്യജീവിതത്തിൽ ശാസ്ത്രീയ ജ്ഞാനം എങ്ങനെ ഉപയോഗപ്പെടുത്തണം എന്നതിൽ കൂടി അഗ്രഗണ്യൻ ആകുന്നു.

**പ്രവർത്തനം**

- എൽഇഡി ബൾബ് നിർമ്മാണ വർക്ക്ഷോപ്പ്
- ബോധവൽക്കരണ ക്ലാസ് (കെഎസ്ഇബി എൻജിനീയറുടെ നേതൃത്വത്തിൽ)

കാലം : ജൂലൈ - നവംബർ

ചുമതല : ഊർജ്ജതന്ത്ര അധ്യാപകർ

സാമ്പത്തികം : 5000 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 4 – ഹിരോഷിമ നാഗസാക്കി ദിനം

**ലക്ഷ്യം**

- കുട്ടികളിൽ ആറ്റം ബോംബിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുക.
- യുദ്ധങ്ങൾക്കെതിരെയുള്ള സന്ദേശം കുട്ടികളിൽ എത്തിക്കുക.
- യുദ്ധത്തിന്റെ ദുരിതാനുഭവങ്ങൾ മനസ്സിലാക്കുക.

**പ്രവർത്തനം**

- കുട്ടികൾക്ക് ഡോക്യുമെൻററി പ്രദർശനം.
- ക്വിസ് മത്സരം.
- വിജയികളെ അനുമോദിക്കൽ

കാലം : ആഗസ്റ്റ് 9

ചുമതല : സയൻസ് അധ്യാപകർ

സാമ്പത്തികം : 250 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 5 – ഓസോൺ ദിനം

**ലക്ഷ്യം**

- ഓസോൺ പാളിയുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന്.
- പ്രകൃതിസ്നേഹം വളർത്തുന്നതിന്.

**പ്രവർത്തനം**

- പോസ്റ്റർ നിർമ്മാണ മത്സരം.
- വിലയിരുത്തൽ.
- വിജയികൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.
- പ്രദർശനം

| | | |
|---|---|---|
| കാലം | : | ഏകദിനം |
| ചുമതല | : | സയൻസ് അധ്യാപകർ |
| സാമ്പത്തികം | : | 250 രൂപ, പി.ടി.എ. |

## പ്രവർത്തനം 6 – പൂന്തോട്ടം നിർമ്മാണം

**ലക്ഷ്യം**

- കുട്ടികളിൽ പ്രകൃതിസ്നേഹം വർദ്ധിക്കുന്നു.
- ചെടികളും മരങ്ങളും നട്ടു പരിപാലിക്കുന്നതിനുള്ള താല്പര്യം കുട്ടികളിൽ ഉണരുന്നു.
- കലാബോധം വളർത്തുന്നു.

**പ്രവർത്തനം**

- സ്കൂൾ പരിസരത്ത് പൂച്ചെടികൾ വച്ച് പിടിപ്പിക്കുന്നു.
- ഓരോ ക്ലാസിന്റെ മുമ്പിലും ചെടിച്ചട്ടികൾ.
- ഓരോ ക്ലാസിലെ കുട്ടികൾക്കും ചെടികൾ സംരക്ഷിക്കുന്നതിനുള്ള ചുമതല വീതിച്ചു നൽകുന്നു.

## പ്രവർത്തനം 7 – ഔഷധസസ്യങ്ങൾ

**ലക്ഷ്യം**

- കുട്ടികൾക്ക് ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങളെ കുറിച്ച് ധാരണ കൈവരിക്കുക.
- ജീവിതത്തിൽ അവയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കുന്നു.
- ഔഷധസസ്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നു.

**പ്രവർത്തനം**

- സസ്യത്തെ കുറിച്ചുള്ള ഡോക്യുമന്ററി.
- ബോധവൽക്കരണ ക്ലാസ്.
- ചർച്ച

| | | |
|---|---|---|
| കാലം | : | മൂന്ന് മാസം |
| ചുമതല | : | ജീവശാസ്ത്ര അധ്യാപകർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 8 – ഫീൽഡ് ട്രിപ്പ്

**ലക്ഷ്യം**

- വിവിധതരം ആവാസ വ്യവസ്ഥകൾ നിരീക്ഷിക്കുവാൻ കുട്ടികൾ പ്രാപ്ത രാകുന്നു.
- വിവിധ കൃഷിരീതികൾ തിരിച്ചറിയുന്നു.
- ചുറ്റുപാടിലെ ജൈവവൈവിധ്യം കൂടുതൽ മനസ്സിലാക്കുന്നു.
- ചുറ്റുപാടുകളും ആയി കൂടുതൽ ഇടപഴകുന്നു.

**പ്രവർത്തനം**

- പരിസരത്തുള്ള കൃഷിയിടങ്ങളിലേക്ക് കുട്ടികളെ കൊണ്ടുപോകുന്നു.
- കുട്ടികൾ കൃഷിക്കാരും ചുറ്റുപാടുമുള്ള മുതിർന്ന തലമുറയിൽ ഉള്ളവരുമായി സംവദിക്കുന്നു

| | | |
|---|---|---|
| കാലം | : | വർഷത്തിൽ ഒരിക്ക്ൽ |
| ചുമതല | : | ജീവശാസ്ത്ര അധ്യാപകർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 9– എയ്ഡ്സ് ദിന റാലി

**ലക്ഷ്യം**

- എയ്ഡ്സ് രോഗങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു.
- രോഗം വരാതിരിക്കുവാനുള്ള മുൻകരുതലുകളെ കുറിച്ച് ബോധവാന്മാരാകുന്നു.
- രോഗികളോടുള്ള സഹാനുഭൂതി വർദ്ധിക്കുന്നു.

**പ്രവർത്തനം**

- പ്ലെ കർഡുകളുമായി പൂതാടി ജംഗ്ഷൻ വരെ റാലി.
- ബോധവൽക്കരണ ക്ലാസ്

| | | |
|---|---|---|
| കാലം | : | ഡിസംബർ |
| ചുമതല | : | ബയോളജി അധ്യാപകർ |
| സാമ്പത്തികം | : | ഇല്ല |

# ഗണിതം

## പ്രവർത്തനം 1 – ഗണിത ക്ലബ്ബ്

**ലക്ഷ്യം**

- ഗണിത പഠനം ആകർഷകമാക്കുക.
- ഗണിതാഭിരുചിയും താല്പര്യവും വളർത്തുക.
- ഗണിത ക്ലബ്ബ് പ്രവർത്തനം സജീവമാക്കുക.

**പ്രവർത്തനം**

- ഗണിത പൂക്കളം മത്സരം.
- ജോമേട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട്.
- പതാക നിർമ്മാണ മത്സരം.
- വിജയികളെ അനുമോദിക്കൽ

കാലം : ജൂൺ - ആഗസ്റ്റ്

ചുമതല : ഗണിതാധ്യാപകർ

സാമ്പത്തികം : 500 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 2 – ഓറിയന്റേഷൻ ക്ലാസ്

**ലക്ഷ്യം**

- ഗണിത ക്ലബ്ബിനെ കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ബോധവാന്മാരാകുന്നു.
- ഗണിതശാസ്ത്രമേളയിലെ ഓരോ ഇനത്തെക്കുറിച്ചും കുട്ടികളിൽ കൃത്യമായ ധാരണ ഉണ്ടാകുന്നു.

**പ്രവർത്തനം**

- ഗണിത ക്ലബ്ബിൽ അംഗങ്ങൾ ആയിട്ടുള്ള കുട്ടികളുടെയും ഗണിതമേളയിൽ പങ്കെടുക്കാൻ താല്പര്യമുള്ള കുട്ടികളുടെയും ഒരുമിച്ചുള്ള യോഗം ചേരുന്നു.
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിവരിക്കുന്നു. $\pi$
- ഗണിതശാസ്ത്രമേളയെക്കുറിച്ചും ഇനങ്ങളെ കുറിച്ചും വാല്യൂ പോയിന്റുകളെ കുറിച്ചും വ്യക്തമായ ധാരണ കുട്ടികൾക്ക് നൽകുന്നു.

കാലം : ജൂൺ - ആഗസ്റ്റ്

ചുമതല : ഗണിതാധ്യാപകർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 3 – പൈ ദിനാഘോഷം ( )

**ലക്ഷ്യം**

- പൈ ( ) യുടെ വിലയെക്കുറിച്ചും പൈ ദിനത്തേക്കുറിച്ചും കുട്ടികൾ ബോധവാൻമാരാകുന്നു.

**പ്രവർത്തനം**

- ഗണിതക്ലബ്ബ് അംഗങ്ങൾക്ക് മുൻകൂട്ടി തിരഞ്ഞെടുത്ത് പരിശീലനം നൽകി 10-ാം ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ( ) പൈയെക്കുറിച്ചുള്ള ഒരു അവബോധക്ലാസ്സ് നൽകുന്നു.
- കുട്ടികളെ ഗ്രൗണ്ടിൽ ( ) ആകൃതിയിൽ നിർത്തുന്നു.

കാലം : ഒരു ദിവസം

ചുമതല : ഗണിതാധ്യാപകർ

സാമ്പത്തികം : ഇല്ല

## പ്രവർത്തനം 4 – വിദഗ്ദരുടെ ക്ലാസ്സ്

**ലക്ഷ്യം**

- ഗണിതം അനായാസം കൈകാര്യം ചെയ്യുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക.

ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

- പുറമേ നിന്നും ഗണിതത്തിൽ വൈദഗ്ദ്യമുള്ളവരെ ഉപയോഗിച്ച് പ്രത്യേക ക്ലാസ്സ്

| | | |
|---|---|---|
| കാലം | : | വർഷത്തിൽ 2 തവണ |
| ചുമതല | : | ഗണിതാധ്യാപകർ |
| സാമ്പത്തികം | : | 2000 രൂപ, സ്പോൺസർഷിപ്പ് |

## കല

## പ്രവർത്തനം 1 – ഏകദിന ചിത്രകലാ ക്യാമ്പ്

**ലക്ഷ്യം**

- കുട്ടികളിലെ ചിത്രകലയോടുള്ള താൽപര്യം വർദ്ധിപ്പിക്കുക.
- വ്യത്യസ്ത മീഡിയം പരിചയപ്പെടുക.
- കളറുകളുടെ വിന്യാസം മനസ്സിലാക്കുക

**പ്രവർത്തനം – ആദ്യ ഘട്ടം**

- പെൻസിൽ ഷേഡിംഗ് പരിചയപ്പെടുന്നു.
- വാട്ടർകളർ / ഓയിൽ പേസ്റ്റൽ എന്നിവ ഉപയോഗിച്ച് ചിത്രം വരക്കുന്നു.

**രണ്ടാം ഘട്ടം**

- അക്രിലിക് കളർ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു.
- പ്രദർശനം നടത്തുന്നു.

| | | |
|---|---|---|
| കാലം | : | വർഷത്തിൽ 2 തവണ |
| ചുമതല | : | ചിത്രകലാധ്യാപകൻ |
| സാമ്പത്തികം | : | 5000 രൂപ, സ്പോൺസർഷിപ്പ് |

## പ്രവർത്തനം 2 – ഫാബ്രിക് പെയിന്റിംഗ്

**ലക്ഷ്യം**

- ചിത്രങ്ങളോടും നിറങ്ങളോടുമുള്ള കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക.
- തുണികളിൽ ചിത്രം വരച്ച് അവരവരുടെ വീടുകളിൽ അലങ്കാര പ്രദമാക്കാം.
- മേളകൾക്ക് പങ്കെടുക്കുവാനുള്ള ശേഷി നേടൽ

**പ്രവർത്തനം**

- ഏകദിന ക്യാമ്പ്
- കുട്ടികൾ കൊണ്ടു വന്നിട്ടുള്ള തുണിയിൽ ഡിസൈൻ നൽകി പകർപ്പെടുക്കുന്നു.
- നിറം നൽകുന്നു.
- ഷേഡ് നൽകി മനോഹരമാക്കുന്നു.
- പ്രദർശനം നടത്തുന്നു.

കാലം : വർഷത്തിൽ 2 തവണ

ചുമതല : ചിത്രകലാധ്യാപകൻ

സാമ്പത്തികം : 1000 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 3 – നാടൻപാട്ട് ശിൽപശാല

**ലക്ഷ്യം**

- സർഗ്ഗശേഷി പരിപോഷണം
- നാടൻപാട്ടിനെക്കുറിച്ചുള്ള കൂടുതൽ അറിവ്

**പ്രവർത്തനം**

- പ്രാദേശികമായോ മറ്റോ ഉള്ള നാടൻപാട്ടിൽ പ്രാവീണ്യമുള്ളവരെ സ്കൂളിലേക്ക് ക്ഷണിക്കുന്നു.
- താൽപര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന ശിൽപശാല
- ഗ്രൂപ്പായി അവതരണം.

കാലം : വർഷത്തിൽ ഒന്ന്

ചുമതല : കലാധ്യാപകൻ

സാമ്പത്തികം : 3000 രൂപ, സ്പോൺസർഷിപ്പ്

## പ്രവർത്തനം 4 – നാടകകളരി

**ലക്ഷ്യം**

- വായനയിലൂടെയും എഴുത്തിലൂടെയും സംഭാഷണത്തിലൂടെയും കുട്ടികളുടെ സാഹിത്യപരമായിട്ടുള്ള കഴിവുകൾ വർധിക്കുന്നു.
- ഗ്രൂപ്പുകൾ ആയുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ നല്ല രീതിയിലുള്ള സൗഹൃദങ്ങൾ സൃഷ്ടിക്കുന്നു.
- അഭിനയത്തിലൂടെയും സംവാദത്തിലൂടെയും കുട്ടികളിലുള്ള കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിക്കുന്നു.

**പ്രവർത്തനം**

- അഭിനയത്തിൽ താൽപര്യമുള്ളവരെ കണ്ടെത്തുന്നു.
- ചെറിയ കഥകൾ എടുത്ത് സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.
- പരിശീലനം നടത്തുന്നു.
- അവതരിപ്പിക്കുന്നു.

കാലം : വർഷത്തിൽ ഒന്ന്

ചുമതല : കലാധ്യാപകൻ

സാമ്പത്തികം : 3000 രൂപ, സ്പോൺസർഷിപ്പ്

# പ്രവൃത്തിപരിചയം

## പ്രവർത്തനം 1 – ക്ലബ്ബ് രൂപീകരണം

**ലക്ഷ്യം**

- വിദ്യാർത്ഥികൾ കരകൗശല മേഖലയിൽ പ്രാവീണ്യം നേടുന്നു.
- വിദ്യാർത്ഥികളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നു.

**പ്രവർത്തനം**

- ജൂൺ 3-ാം വാരത്തിൽ ഓരോ ക്ലാസ്സിൽ നിന്നും താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.
- പ്രവൃത്തിപരിചയ ക്ലബ്ബിൽ അംഗങ്ങളാക്കുന്നു.
- ക്ലബ്ബ് പ്രവർത്തനം ആരംഭിക്കുന്നു.

| | | |
|---|---|---|
| കാലം | : | ഏകദിനം |
| ചുമതല | : | വർക്ക് എക്സ്പീരിയൻസ് ടീച്ചർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 2 – ഫുഡ്ഫെസ്റ്റ്

**ലക്ഷ്യം**

- ആരോഗ്യം ശ്രദ്ധിക്കുക എന്നത് ഓരോ മനുഷ്യന്റെയും അടിസ്ഥാന ആവശ്യമാണ്.
- കുട്ടികൾക്ക് പോഷകാഹാരത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.
- മായം ചേർത്ത പാക്കറ്റ് ഫുഡ് കുട്ടികളിൽ ഉണ്ടാക്കുന്ന ശാരീരിക പ്രശ്നങ്ങൾ മനസ്സിലാക്കുന്നു.
- പ്രവൃത്തിപരിചയ മേളയിൽ ഇക്കണോമിക് ന്യൂട്രീഷ്യസ് ഫുഡ് മത്സരത്തിൽ പങ്കെടുക്കുവാൻ പ്രചോദനം ലഭിക്കുന്നു.

**പ്രവർത്തനം**

- സജ്ജീകരിച്ചിരിക്കുന്ന ഹാളിൽ കുട്ടികൾ വീടുകളിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്ന നാടൻ വിഭവങ്ങൾ പ്രദർശിപ്പിക്കുന്നു.
- അവയെക്കുറിച്ച് കുട്ടികൾ തന്നെ വിവരിക്കുന്നു.
- ചാർട്ടുകൾ പ്രദർശിപ്പിക്കുന്നു.

| | | |
|---|---|---|
| കാലം | : | ഒരു ദിവസം |
| ചുമതല | : | വർക്ക് എക്സ്പീരിയൻസ് ടീച്ചർ |
| സാമ്പത്തികം | : | ഇല്ല |

## പ്രവർത്തനം 3 – തുണി സഞ്ചി നിർമ്മാണവും വിതരണവും

**ലക്ഷ്യം**

- പ്ലാസ്റ്റിക് രഹിത ഷോപ്പിംഗ് സംസ്കാരം വർദ്ധിപ്പിക്കുക
- തുണി സഞ്ചി സംസ്കാരം പരിചയപ്പെടുക.
- വീടുകളിലെയും സ്കൂളുകളിലെയും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക

**പ്രവർത്തനം**

- ക്ലബ്ബിൽ അംഗങ്ങളായ കുട്ടികൾക്ക് തുണിസഞ്ചി നിർമ്മാണത്തിനാവശ്യമായ തുണു മുറിച്ച് വിതരണം ചെയ്യുന്നു.
- ഓണാവധിക്കു ശേഷം സ്കൂളിലേക്ക് വരുമ്പോൾ സഞ്ചി തുന്നിക്കൊണ്ട് വരുവാൻ നിർദ്ദേശം നൽകുന്നു.
- കുട്ടികൾ കൊണ്ടു വരുന്ന സഞ്ചികൾ ഉദ്ഘാടനം നടത്തി വിതരണം ചെയ്യുന്നു.

| | | |
|---|---|---|
| കാലം | : | ഒരു ദിവസം |
| ചുമതല | : | വർക്ക് എക്സ്പീരിയൻസ് ടീച്ചർ |
| സാമ്പത്തികം | : | 2000 രൂപ, സ്പോൺസർഷിപ്പ് |

## പ്രവർത്തനം 4 – പാഴ്വസ്തുക്കളുടെ പുനഃരുപയോഗം

**ലക്ഷ്യം**

വീടുകളിലും പരിസരങ്ങളിലുമുള്ള പാഴ്വസ്തുക്കൾ മൂലമുള്ള മാലിന്യം കുറയ്ക്കുക.

പാഴ്വസ്തുക്കളെ അലങ്കാരപ്രദവും മറ്റു രീതിയിലുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുക.

കുട്ടികളിലെ ക്രിയേറ്റിവിറ്റി വർദ്ധിപ്പിക്കുക.

പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തുക.

പ്രവർത്തനം

വീടുകളിലും, പരിസരത്തുമുള്ള വിവിധങ്ങളായ പാഴ്വസ്തുക്കൾ കുട്ടികൾ ശേഖരിക്കുന്നു. ഉദാ: പ്ലാസ്റ്റിക് കുപ്പികൾ.

അവ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ, ടീച്ചിംഗ് എയ്ഡുകൾ മുതലായ രീതിയിലുള്ള ഉൽപ്പന്നങ്ങളാക്കി മാറ്റുന്നു,

ഉൽപ്പന്നങ്ങൾ തിരിച്ച് കുട്ടികൾക്കും മറ്റുള്ളവർക്കോ നൽകി മാതൃകയാകുന്നു.

| | | |
|---|---|---|
| കാലം | : | രണ്ട് മാസം |
| ചുമതല | : | വർക്ക് എക്സ്പീരിയൻസ് ടീച്ചർ |
| സാമ്പത്തികം | : | 1000 രൂപ, സ്പോൺസർഷിപ്പ് |

# കായികം

## പ്രവർത്തനം 1 – സ്പോർട്സ് ക്യാമ്പ്

**ലക്ഷ്യം**

- ശാരീരികക്ഷമത, കരുത്ത് എന്നിവ വർദ്ധിപ്പിക്കുക.
- വിവിധ കായിക വിനോദങ്ങളിൽ ഏർപ്പെടുക, മെച്ചപ്പെടുത്തുക.
- മേളകൾക്ക് സജ്ജരാക്കുക.

**പ്രവർത്തനം**

- സ്പോർട്സിൽ താൽപര്യമുള്ളവരെ ഓരോ ക്ലാസ്സിൽ നിന്നും കണ്ടെത്തുന്നു.
- രാവിലെ 7.30 മുതൽ 9 മണി വരെയും വൈകുന്നേരം 4 മണി മുൽ 5 മണി വരെയും പരിശീലനം
- സ്കൂൾ കായിക മേളയോടനുബന്ധിച്ച് ത്രോ ഇനങ്ങളിലും പ്രത്യേകം പരിശീലനം
- വിദഗ്ധമായ മറ്റു പരിശീലകരെ ഉപയോഗപ്പെടുത്തുന്നു.

കാലം : ജൂലൈ - ഫെബ്രുവരി

ചുമതല : കായികാധ്യാപകൻ

സാമ്പത്തികം : 10000 രൂപ, പി.ടി.എ. & മാനേജ്മെന്റ്

## പ്രവർത്തനം 2 – കായികമേള

**ലക്ഷ്യം**

- യുവതാരങ്ങളെ കണ്ടെത്തുക.
- കായിക പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നു.
- സബ്ജില്ല, കായിക മത്സരത്തിൽ പങ്കെടുക്കുവാനുള്ള കുട്ടികളെ കണ്ടെത്തുന്നു.

**പ്രവർത്തനം**

- ആഗസ്റ്റ് മാസം രണ്ട് ദിവസങ്ങളിലായി സ്കൂൾ കായികമേള നടത്തുവാൻ മുൻകൂട്ടി തീരുമാനിക്കുന്നു.
- നാല് ഹൗസുകളിലായി ക്ലാസ്തലത്തിൽ തിരിച്ച് അത്‌ലറ്റിക് ഇനങ്ങളിൽ മത്സരം നടത്തുന്നു.
- ഇതിനുള്ള എൻട്രികൾ 10 ദിവസം മുൻപേ സമർപ്പിക്കേണ്ടതാണ്.
- വിജയികളെ സർട്ടിഫിക്കറ്റുകളും മെഡലുകളും നൽകി അനുമോദിക്കുന്നു.

കാലം : വർഷത്തിൽ ഒരു പ്രാവശ്യം - ആഗസ്റ്റ് രണ്ട് ദിവസങ്ങൾ

ചുമതല : കായികാധ്യാപകൻ, മറ്റു അധ്യാപകൻ

സാമ്പത്തികം : 35000 രൂപ, പി.ടി.എ.

## പ്രവർത്തനം 3 – സ്പോർട്സ് ക്വിസ്

**ലക്ഷ്യം**

- വിദ്യാർത്ഥികൾക്ക് സ്പോർട്സിനെക്കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നു.
- ലോക കായിക ഇനങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- ലോകോത്തര കായികതാരങ്ങളെ പരിചയപ്പെടുന്നു.

**പ്രവർത്തനം**

- ദേശീയ കായിക ദിനത്തിന്റെ ഭാഗമായി ക്വിസ് മത്സരം നടത്തുന്ന വിവരം മുൻകൂട്ടി കുട്ടികളെ അറിയിക്കുന്നു.
- ഓരോ ക്ലാസ്സിൽ നിന്നും നാലോ അഞ്ചോ കുട്ടികളെ പങ്കെടുപ്പിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.
- വിജയികളെ അനുമോദിക്കുന്നു.

| | | |
|---|---|---|
| കാലം | : | വർഷത്തിൽ ഒരു പ്രാവശ്യം ആഗസ്റ്റ് 24 |
| ചുമതല | : | കായികാധ്യാപകൻ |
| സാമ്പത്തികം | : | 200 രൂപ, സ്പോൺസർഷിപ്പ് |

## പ്രവർത്തനം 4 – ഫുട്ബോൾ ടൂർണ്ണമെന്റ്

**ലക്ഷ്യം**

- കുട്ടികളിൽ ശാരീരികവും മാനസികവുമായ ശേഷി പരിപോഷിപ്പിക്കപ്പെടുന്നു.
- ടീമിലെ കളികൾക്കിടയിൽ ഐക്യം, സഹകരണ മനോഭാവം, സമർപ്പണ ബോധം മുതലായവ വളർത്തിയെടുക്കുന്നു.
- കുട്ടികൾക്കിടയിൽ സംഘബോധം, അഭിപ്രായ സ്വാതന്ത്ര്യം എന്നിവ വളർത്തിയെടുക്കുവാൻ സഹായിക്കുന്നു.

**പ്രവർത്തനം**

- 9, 10 ക്ലാസ്സുകളിൽ നിന്നും 4 ടീമിനെ തെരഞ്ഞെടുക്കുന്നു.
- സ്കൂൾ പരിസരത്ത് ഒരു ടർഫ് കണ്ടെത്തുന്നു.
- പ്രമുഖ വ്യക്തിയെ കൊണ്ട് ഉദ്ഘാടനം നടത്തുന്നു.
- മത്സരങ്ങൾ നടത്തുന്നു.
- വിജയികളെ കണ്ടെത്തി ട്രോഫിയും മെഡലുകളും സമ്മാനിക്കുന്നു.

| | | |
|---|---|---|
| കാലം | : | വർഷത്തിൽ ഒരു പ്രാവശ്യം |
| ചുമതല | : | കായികാധ്യാപകൻ |
| സാമ്പത്തികം | : | 5000 രൂപ, സ്പോൺസർഷിപ്പ് |

## ബോധവൽക്കരണം – വിവിധം

**ലക്ഷ്യം**

- മാനസികവും ശാരീരികവുമായി കുട്ടികളിൽ കരുത്താർജ്ജിക്കുന്നു.
- പഠന പ്രവർത്തനങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
- ലഹരിയുടെ മാരകവലയത്തിൽപ്പെടാതെ സംരക്ഷണം ലഭിക്കുന്നു.

**പ്രവർത്തനം**

- പത്താം ക്ലാസ്സിലെ രക്ഷിതാക്കൾക്കുള്ള മോട്ടിവേഷൻ ക്ലാസ്സ് നടത്തുന്നു.
- പത്താം ക്ലാസ്സിലെ കുട്ടികൾക്കും പ്രത്യേക മോട്ടിവേഷൻ ക്ലാസ്സ് നൽകുന്നു.
- എല്ലാ കുട്ടികൾക്കും ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സ് നൽകുന്നു.

കാലം : വർഷത്തിൽ ഒരിക്കൽ

ചുമതല : എസ്.ആർ.ജി.

സാമ്പത്തികം : 5000 രൂപ, പി.ടി.എ

## ഭവനസന്ദർശനം

**ലക്ഷ്യം**

- കുട്ടികളെ അടുത്തറിയുവാൻ
- പഠനത്തിലും മറ്റും മികവ് തെളിയിക്കുവാൻ.
- രക്ഷിതാക്കളുമായുള്ള ബന്ധം ദൃഢമാക്കുവാൻ.
- വീടുകളിലെ പഠനാന്തരീക്ഷം വിലയിരുത്തുവാൻ.

**പ്രവർത്തനം**

- എല്ലാ കുട്ടികളുടെയും വീടുകലിൽ ക്ലാസ്സ് ടീച്ചറുടെ നേതൃത്വത്തിൽ ഗ്രൂപ്പായുള്ള സന്ദർശനം
- രക്ഷിതാക്കളുമായുള്ള ആശയവിനിമയം

കാലം : വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം

ചുമതല : എല്ലാ അധ്യാപകർക്കും

സാമ്പത്തികം : ഇല്ല

## ജൻമദിനത്തിനൊരു പുസ്തകം

**ലക്ഷ്യം**

- ക്ലാസ്സ് ലൈബ്രറി നവീകരണം
- വായനാഭിരുചി വർദ്ധിക്കുന്നു.
- എല്ലാവരും പങ്കാളികളാവുന്നു.

**പ്രവർത്തനം**

- ക്ലാസ് ടീച്ചറും കുട്ടികളും അവരവരുടേതായ ജന്മദിനത്തിന് ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യുന്നു.

- ഏറ്റവും കൂടുതൽ പുസ്തകമുള്ള ക്ലാസ്സ് ലൈബ്രറിയെ അനുമോദിക്കുന്നു.

കാലം : ഒരു വർഷം

ചുമതല : ക്ലാസ് ടീച്ചർ & ക്ലാസ്സ് ലീഡർമാർ

സാമ്പത്തികം : ഇല്ല

## ദത്തെടുക്കൽ

**ലക്ഷ്യം**

- പഠനാന്തരീക്ഷം മെച്ചപ്പെടുത്തുക.
- പഠന നിലവാരം ഉയർത്തുക.
- കുട്ടിയുടെ വീടുമായുള്ള ബന്ധം സൗഹാർദ്ദപരമാകുന്നു.

**പ്രവർത്തനം**

- ഓരോ അദ്ധ്യാപകർക്കും 10-ാം ക്ലാസ്സിലെ കുട്ടികളെ വീതിച്ചു നൽകുന്നു.
- ലഭിച്ച വിദ്യാർത്ഥികലുടെ പഠന പ്രവർത്തനങ്ങളിൽ ആ അധ്യാപകൻ എസ്.എസ്.എൽ.സി. പരീക്ഷ കഴിയുന്നതു വരെ പ്രത്യേക ശ്രദ്ധ പുലർത്തുന്നു.
- രക്ഷിതാക്കളുമായി അവരുടെ പഠന പുരോഗതി വിലയിരുത്തുന്നു.

കാലം : ആഗസ്റ്റ് - മാർച്ച്

ചുമതല : എല്ലാ അധ്യാപകർക്കും

സാമ്പത്തികം : ഇല്ല

## കാരണവക്കൂട്ടം

**ലക്ഷ്യം**

- വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
- കുട്ടികൾക്ക് പഴയ കാലഘട്ടത്തെക്കുറിച്ച് അറിവ് നേടുക.

**പ്രവർത്തനം**

- വിദ്യാലയ പരിസരത്ത് താമസിക്കുന്ന പ്രായമേറിയവരെ അതിഥികളായി ഓണാഘോഷത്തിന് ക്ഷണിക്കുന്നു.
- അനുഭവം പങ്കിടുന്നു

കാലം : വർഷത്തിൽ ഒന്ന്

ചുമതല : എസ്.ആർ.ജി.

സാമ്പത്തികം : ഇല്ല

# ഗോത്രതാളം

**ലക്ഷ്യം**

- തനത് ഗോത്ര കലാരൂപങ്ങൾ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക.
- കൊഴിഞ്ഞു പോക്ക് തടയുക.
- മേളകളിൽ ഗോത്ര വിഭാഗം കുട്ടികൾക്ക് പങ്കെടുക്കുവാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക.
- കലാരംഗത്ത് അവരെ ഉയർത്തികൊണ്ടു വരിക.

**പ്രവർത്തനം**

- തനത് ഗോത്രകലാ രൂപങ്ങൾ കണ്ടെത്തുന്നു.
- ഗോത്രവിഭാഗം കുട്ടികളിലൂടെ അവ വേദിയിൽ അഴവതരിപ്പിക്കുന്നു.
- പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനം നൽകി അനുമോദിക്കുന്നു.

| | | |
|---|---|---|
| കാലം | : | വർഷത്തിൽ ഒരു തവണ |
| ചുമതല | : | എസ്.ആർ.ജി. |
| സാമ്പത്തികം | : | 10000 രൂപ, പി.ടി.എ. & സ്പോൺസർഷിപ്പ് |

# കുട്ടികർഷക അവാർഡ്

**ലക്ഷ്യം**

- വളർന്നു വരുന്ന തലമുറക്ക് കൃഷിയോടുള്ള താൽപര്യം വളരുന്നു.
- കേരളത്തിന്റെ കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിന് പ്രോത്സാഹനമാകുന്നു.
- വീട്ടിൽ തന്നെ ആവശ്യമുള്ള പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കപ്പെടുന്നു.
- കൃഷിയിൽ നിന്നകന്നത് ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നുവെന്ന തിരിച്ചറിവ്
- വീടുകളിൽ ഉണ്ടാക്കുന്ന പച്ചക്കറികൾ വിഷാംശം ഇല്ലാത്ത ഭക്ഷ്യവസ്തുക്കൾ എന്ന ആശയം കുട്ടികൾക്ക് എത്തിക്കുന്നു.
- ആരോഗ്യവും കുടുംബസുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നു.

**പ്രവർത്തനം**

- സ്വന്തം വീടുകളിൽ വിവിധതരം കൃഷികൾ ചെയ്യുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.
- കുട്ടികൾ സ്വയം ഉണ്ടാക്കിയ കൃഷിയിടത്തെക്കുറിച്ച് ഒരു പ്രൊജക്ട് തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു.
- കൃഷിയിടത്തിന്റെ ഫോട്ടോയും വീഡിയോയും ചാർജ്ജുള്ള അധ്യാപകന് അയച്ചു കൊടുക്കുന്നു.
- ഇതിൻ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും കുട്ടി സ്വയം ഉണ്ടാക്കിയതാണോ എന്നുറപ്പുവരുത്തുകയും ചെയ്യുന്നു.
- ഇതിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് പ്രത്യേക സമ്മാനവും മറ്റുള്ള കുട്ടികൾക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നു.

കാലം : 4 മാസം

ചുമതല : പരിസ്ഥിതി ക്ലബ്ബ്

സാമ്പത്തികം : 2000 രൂപ, പി.ടി.എ.

## സ്നേഹ സന്ദർശനം

**ലക്ഷ്യം**

- വൃദ്ധസദനങ്ങളിലെ അന്തേവാസികളോടും പ്രായമായവരോടും സഹാനുഭൂതി വളർത്തുക,
- പ്രായമായവരോട് ചങ്ങാത്തം കൂടുക.
- സാമൂഹിക ബോധവും തലമുറകൾ തമ്മിലുള്ള ബന്ധവും വളർത്തിയെടുക്കുക.

**പ്രവർത്തനം**

- എൻ.സി.സി., സ്കൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, ജെ.ആർ.സി. നേതൃത്വത്തിൽ അടുത്തുള്ള വൃദ്ധസദനം സന്ദർശിക്കുന്നു.
- അന്തേവാസികളുമായി സാമ്പത്തികമായും മാനസികമായും സന്തോഷിപ്പിക്കാനുള്ള നിമിഷങ്ങൾ നൽകുവാൻ ശ്രമിക്കുന്നു.

കാലം : വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല : എസ്.ആർ.ജി.

സാമ്പത്തികം : 10000 രൂപ, സ്പോൺസർഷിപ്പ്

## ഒരു തൈ നടാം

**ലക്ഷ്യം**

- പാരിസ്ഥിതിക വിദ്യാഭ്യാസം
- ഉത്തരവാദിത്തബോധം, സഹാനുഭൂതി, പ്രകൃതിസ്നേഹം എന്നിവ വളർത്തുന്നു.
- മരം നടുന്നതിലൂടെ ശാരീരിക ആരോഗ്യത്തിനും ഗുണപ്രദം.
- സാമൂഹിക സഹവർത്തിത്വം.

**പ്രവർത്തനം**

- പരിസ്ഥിതി ദിനമായ ജൂൺ 5 ന് സ്കൂളിലെ എൻ.സി.സി., പരിസ്ഥിതി ക്ലബ്ബ്, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി. യൂണിറ്റുകളുടെ സഹകരണത്തോടെ സ്കൂൾ പരിസരങ്ങളിലും സമീപ വീടുകളിലും വൃക്ഷതൈ നടുന്നു.
- ബോധവൽക്കരണ ക്ലാസ്സ്

കാലം : വർഷത്തിൽ ഒരു തവണ

ചുമതല : പരിസ്ഥിതി ക്ലബ്ബ്, മറ്റു യൂണിറ്റുകൾ

സാമ്പത്തികം : 2500 രൂപ, സ്പോൺസർഷിപ്പ്

## അടുക്കളത്തോട്ടം

**ലക്ഷ്യം**

- ജൈവപച്ചക്കറി ലഭ്യമാക്കുക.
- കുട്ടികൾക്ക് അടുക്കളത്തോട്ടത്തിനോടുള്ള താൽപര്യം വർദ്ധിപ്പിക്കുക.
- വീടുകളിൽ അടുക്കളതോട്ടം നിർമ്മിക്കുവാൻ പ്രചോദനം നൽകുക.

**പ്രവർത്തനം**

- പരിസ്ഥിതി ക്ലബ്ബ്, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി, എൻ.സി.സി., ലിറ്റിൽ കൈറ്റ്സ് സംയുക്തമായി ചേർന്ന് അടുക്കള തോട്ടത്തിനുള്ള സ്ഥലം കണ്ടെത്തുന്നു.
- സ്ഥലമൊരുക്കുന്നു. നടുന്നു.
- വിളവെടുപ്പ് സ്കൂൾ ഉച്ചഭക്ഷണത്തിലേക്ക് നൽകുന്നു.

| | | |
|---|---|---|
| കാലം | : | സെപ്റ്റംബർ - ജനുവരി |
| ചുമതല | : | പരിസ്ഥിതി ക്ലബ്ബ്, മറ്റു യൂണിറ്റുകൾ |
| സാമ്പത്തികം | : | 5000 രൂപ, സ്പോൺസർഷിപ്പ് |

## സൈബർ സുരക്ഷ

**ലക്ഷ്യം**

- സൈബർ സുരക്ഷയെക്കുറിച്ച് രക്ഷിതാക്കൾ ബോധവാൻമാരാകുന്നു.
- ഡിജിറ്റൽ സാക്ഷരത കൈവരിക്കുവാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നു.

**പ്രവർത്തനം**

- ലിറ്റിൽ കൈററ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് അമ്മമാർക്ക് സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ്സ് നടത്തുന്ന വിവരം അറിയിക്കുന്നു.
- ഇതിന് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ തിരഞ്ഞെടുത്ത് അംഗങ്ങളെ ആർ പി മാരാക്കി പരിശീലനം നൽകുന്നു.
- പാദവാർഷിക പരീക്ഷയ്ക്കു ശേഷമുള്ള ക്ലാസ് പി.ടി.എ കളിൽ ശിൽപ്പശാല നടത്തുന്നു.
- കൈറ്റ് മാസ്റ്റർ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു.

| | | |
|---|---|---|
| കാലം | : | ഏകദിനം |
| ചുമതല | : | കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്സ് |
| സാമ്പത്തികം | : | ഇല്ല |

## ഇൻഡസ്ട്രീയൽ വിസിറ്റ്

**ലക്ഷ്യം**

- വാണിജ്യവ്യവസായ കമ്പനികളെ അടുത്തറിയുക.
- അവിടുത്തെ സാങ്കേതികപരമായ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുവാനുള്ള അവസരം.
- പുതിയ ടെക്നോളജിയുമായി ബന്ധം സ്ഥാപിക്കൽ.

**പ്രവർത്തനം**

- ജില്ലിയിലെ തന്നെ പ്രധാനപ്പെട്ട ഏതെങ്കിലും ഒരു ഫാക്ടറിയോ സ്ഥാപനമോ തിരഞ്ഞെടുക്കുക.
- അനുമതിക്കാവശ്യമായ ക്രമീകരണങ്ങൾ നടത്തുക.
- ലിറ്റിൽ കൈറ്റ് അംഗങ്ങളെ പങ്കെടുപ്പിച്ച് ഏകദിന സന്ദർശനം നടത്തുക.
- അവിടെയുള്ള ജോലിക്കാരുമായി സംവദിക്കുന്നു.
- ഫീഡ്ബാക്ക് രേഖപ്പെടുത്തുന്നു.

കാലം : ഏകദിനം

ചുമതല : കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്സ്

സാമ്പത്തികം : 5000 രൂപ, സ്പോൺസർഷിപ്പ്

## സ്കൂൾ ശാസ്ത്രമേള

**ലക്ഷ്യം**

- കുട്ടികളിലെ ശാസ്ത്രപരമായ കഴിവുകൾ കണ്ടെത്തുക.
- കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.
- ഉപജില്ലാ മത്സരങ്ങളിലേക്ക് മികച്ച കുട്ടിയെ കണ്ടെത്തുക.

**പ്രവർത്തനം**

- ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. മേള നടത്തുവാൻ തീരുമാനിക്കുന്നു.
- സ്കൂൾ ശാസ്ത്രമേളയുടെ തീയതി മുൻകൂട്ടി കുട്ടികളെ അറിയിക്കുന്നു.
- മേളയുടെ ദിവസം അവർ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ പ്രദർശനം നടത്തുന്നു.
- വിധിനിർണ്ണയം നടത്തുന്നു.
- മികച്ചവ തെരഞ്ഞെടുക്കുന്നു. സമ്മാനങ്ങൾ നൽകുന്നു.

കാലം : വർഷത്തിൽ ഒന്ന്, ജൂലൈ 27

ചുമതല : സയൻസ് അധ്യാപകർ

സാമ്പത്തികം : 1000 രൂപ, പി.ടി.എ.

## സ്കൂൾ കലോത്സവം

**ലക്ഷ്യം**

- സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുക.
- കുട്ടികൾക്കിടയിൽ സംഘബോധം, അഭിപ്രായ സ്വാതന്ത്ര്യം വളർത്തിയെടുക്കുവാൻ സഹായിക്കുന്നു.
- കലാപ്രവർത്തനങ്ങൾ പ്രകടിപ്പിക്കുവാൻ/അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.
- ഉപജില്ലാ മേളയിലേക്ക് കുട്ടികളെ തിരഞ്ഞെടുക്കുന്നു.

**പ്രവർത്തനം**

- മേള നടത്തുന്ന തീയതി മുൻകൂട്ടി അറിയിക്കുന്നു.
- നാല് ഹൗസ് ഗ്രൂപ്പുകളായി കുട്ടികളെ തിരിക്കുന്നു.
- ഹൗസ് അടിസ്ഥാനത്തിൽ പങ്കെടുക്കുന്നവർ എൻട്രികൾ സമർപ്പിക്കുന്നു.
- സിംഗിളും ഗ്രൂപ്പുമായ പരിപാടികൾ മൂന്ന് സ്റ്റേജുകളിലായി നടത്തുന്നു.
- വിധി നിർണ്ണയം നടത്തി മത്സരഫലം അറിയിക്കുന്നു.
- വിജയികൾക്ക് സർട്ടിഫിക്കറ്റ്, ട്രോഫി നൽകുന്നു.

കാലം : വർഷത്തിൽ ഒന്ന്, ഒക്ടോബർ മാസം - രണ്ട് ദിവസം

ചുമതല : ആർട്സ് കൺവീനർമാർ

സാമ്പത്തികം : 50000 രൂപ, പി.ടി.എ.

## സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ്

**ലക്ഷ്യം**

- ക്യാമ്പ് ജീവിതത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് ലഭിക്കുന്നു.
- വിവിധ സാഹചര്യങ്ങളിൽ കുട്ടികൾ പരസ്പര സഹകരണത്തോടെ നിലനിൽക്കാൻ പഠിക്കുന്നു.
- പരിമിത സൗകര്യങ്ങളിൽ ജീവിക്കാനാവശ്യമായ ആത്മവിശ്വസവും കഴിവും നേടുന്നു.

**പ്രവർത്തനം**

- ഒക്ടോബർ/നവംബർ മാസത്തിൽ സ്കൂൾ സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു.
- ക്യാമ്പ് മൂന്ന് ദിവസമായിരിക്കും.
- ക്ലാസ്സുകൾ, കളികൾ, ക്യാമ്പ് ട്രിപ്പ്, ക്യാമ്പ് ഫയർ എന്നിവ ക്യാമ്പിന്റെ പ്രത്യേകതകളാണ്.

കാലം : വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല : സ്കൗട്ട് & ഗൈഡ് അധ്യാപകർ

സാമ്പത്തികം : 10000 രൂപ, സ്പോൺസർഷിപ്പ്

## പാലിയേറ്റീവ് കെയർ ക്ലാസ്സ് – ജെ.ആർ.സി.

**ലക്ഷ്യം**

- പ്രായമായവരും രോഗികളോടും ആശയവിനിമയം നടത്തുക.
- അവരിൽ അനുഭവപ്പെടുന്ന ഏകാന്തതയും മാനസിക സംഘർഷങ്ങളും ഒഴിവാക്കുക.
- കുട്ടികളിൽ സഹായ മനഃസ്ഥിതി വളർത്തുക.
- ആപത്ഘട്ടങ്ങളിൽ പരിചരിക്കാനുള്ള ക്ഷമത കൈവരിക്കുക.
- രോഗങ്ങളെക്കുറിച്ച് ബോധ്യമുണ്ടാകുന്നു.
- മുറിവുകൾ വൃത്തിയാക്കുന്നതിനും മരുന്നുകൾ വെക്കുന്നതിനുമുള്ള കഴിവ് ലഭിക്കുന്നു.

**പ്രവർത്തനം**

- പാലിയേറ്റീവ് പരിശീലകരെ ഉപയോഗിച്ച് ജെ.ആർ.സി. കുട്ടികൾക്ക് രോഗീപരിചരണ ക്ലാസ്സുകൾ നൽകുന്നു.
- മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സമീപത്തുള്ള രോഗീപരിചരണത്തിനായി പാലിയേറ്റീവ് പ്രവർത്തകരുടെ കൂടെ കുട്ടികളെ പങ്കെടുപ്പിക്കുന്നു.
- കുട്ടികളുടെ വീടിന്റെ പരിസരത്ത് പരിചരണം ആവശ്യമുള്ളവരെ അവർ തന്നെ കണ്ടെത്തുന്നു. വിവരങ്ങൾ പാലിയേറ്റീവ് കെയറിനു കൈമാറുന്നു.

കാലം : ഏകദിനം

ചുമതല : ജെ.ആർ.സി.

സാമ്പത്തികം : 1000 രൂപ, സ്പോൺസർഷിപ്പ്

## പഠനയാത്ര

**ലക്ഷ്യം**

- കുട്ടികളിൽ പുതുമയും ഉല്ലാസവും ഉണ്ടാക്കുന്നു.
- വ്യത്യസ്ത സ്ഥലങ്ങളുടെ സാമൂഹികവും സാംസ്കാരികവും കാലാവസ്ഥാപരവുമായ വൈവിധ്യങ്ങൾ മനസ്സിലാക്കുന്നു.
- കുട്ടികൾ തമ്മിലുള്ള പരസ്പര ബന്ധവും സൗഹൃദവും ഊട്ടിയുറപ്പിക്കുന്നു.

**പ്രവർത്തനം**

- സ്ഥലവും തീയതിയും തീരുമാനിക്കുന്നു.
- ആവശ്യമായ ഔദ്യോഗിക രേഖകൾ തയ്യാറാക്കുന്നു.
- യാത്ര പോകുന്നു.

കാലം : വർഷത്തിൽ മൂന്ന് ദിവസം

ചുമതല : വിനോദയാത്ര ചാർജ്ജുള്ള അധ്യാപകൻ

സാമ്പത്തികം : 450000 രൂപ, സ്പോൺസർഷിപ്പ്

## ചുമർചിത്രം

**ലക്ഷ്യം**

- കലാപ്രവർത്തനങ്ങളിൽ പങ്കാളിത്തം.
- പൊതുഇടങ്ങൾ വൃത്തിയായി സൂക്ഷിക്കാനുള്ള മനോഭാവം
- കലാസ്വാദനം വർദ്ധിപ്പിക്കുക.

**പ്രവർത്തനം**

- ചിത്രം ചെയ്യുവാനുള്ള ഭിത്തി വൃത്തിയാക്കുക.
- അതിൽ ചിത്രം വര / റിലീഫ് ചിത്രം
- കളർ ചെയ്ത് മനോഹരമാക്കുന്നു.

കാലം : 3 മാസം

ചുമതല : ആർട്സ് ക്ലബ്ബ്

സാമ്പത്തികം : 8000 രൂപ, സ്പോൺസർഷിപ്പ്